I ഇ.ബി. XIV - കേരള നിയമസഭ /XI-12

# പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

(ചോദ്യോത്തരങ്ങൾ ഒഴികെ)

2018 ജൂൺ 25, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

## I അറിയിപ്പ്

കേരളത്തെ മികച്ച ക്ഷീരോല്പാദക സംസ്ഥാനമായി തെരഞ്ഞെടുക്കുകയും അവാർഡ് ഏറ്റുവാങ്ങുകയും ചെയ്ത വിവരം സഭയെ അറിയിച്ചു.

## II ചരമോപചാരം

എ. എം. പരമന്റെ നിര്യാണം

സ്വാതന്ത്ര്യസമരസേനാനിയും മുൻ നിയമസഭാംഗവുമായ എ. എം. പരമന്റെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും

പരേതനോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

## III അടിയന്തരപ്രമേയം

കെട്ടിടനിർമ്മാണത്തിന് എൻ.ഒ.സി.

മി. സ്പീക്കർ: ഇടുക്കി ജില്ലയിലെ മൂന്നാർ പ്രദേശത്തിന് പുറമെ ചിന്നക്കനാൽ, ശാന്തൻപാറ തുടങ്ങി എട്ട് വില്ലേജുകളിൽക്കൂടി പാവപ്പെട്ട കർഷകരുടെ ഗൃഹനിർമ്മാണത്തിന് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസർമാർക്ക് നൽകി ഉത്തരവായെങ്കിലും മതിയായ രേഖകളില്ലെന്ന കാരണത്താൽ വില്ലേജ് ഓഫീസർമാർ എൻ.ഒ.സി. നൽകാത്തതുമൂലം ഉളവായിട്ടുള്ള ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ കെ. എം. മാണി, തിരുവഞ്ചൂർ രാധാകൃഷ്ണൻ, വി. കെ ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): മൂന്നാർ മേഖലയിൽ എൻ.ഒ.സി. ഇല്ലാതെ നിർമ്മാണ പ്രവർത്തനങ്ങൾ നടക്കുന്നില്ലെന്ന് റവന്യൂ, തദ്ദേശസ്വയംഭരണം, പോലീസ്, ഫോറസ്റ്റ് എന്നീ വകുപ്പുകൾ ഉറപ്പുവരുത്തണമെന്ന് ഹൈക്കോടതിയുടെ ഇടക്കാലവിധിയുണ്ടായിട്ടുണ്ട്. മൂന്നാർ

സ്പെഷ്യൽ ട്രൈബ്യൂണലിന്റെ അധികാരപരിധിയിൽ വരുന്ന എട്ട് വില്ലേജുകൾക്കാണ് എൻ.ഒ.സി. വേണമെന്ന് നിർബന്ധമാക്കിയിട്ടുള്ളത്. വീട് നിർമ്മാണത്തിനുള്ള അപേക്ഷകൾ പരിഗണിക്കുന്നതിന് ദേവികുളം സബ്കളക്ടറെ ചുമതലപ്പെടുത്തിയിരുന്നെങ്കിലും ദൂരെയുള്ള വില്ലേജുകളിലെ താമസക്കാർക്ക് എൻ.ഒ.സി. ലഭിക്കുന്നതിന് കാലതാമസമുണ്ടാകുന്നതായി ജനപ്രതിനിധികളും വിവിധ സംഘടനകളും ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. റവന്യൂ, വനം വകുപ്പുമന്ത്രിമാരുടെ നേതൃത്വത്തിൽ കൂടിയ സംയുക്തയോഗം ഇക്കാര്യം ചർച്ച ചെയ്യുകയും നിലവിലുള്ള നിയമങ്ങളുടെ അടിസ്ഥാനത്തിൽ എൻ.ഒ.സി. അനുവദിക്കുന്നതിന് വില്ലേജ് ഓഫീസർമാരെ ചുമതലപ്പെടുത്തി 26-05-2018-ൽ ഉത്തരവിറക്കുകയും ചെയ്തു. വാണിജ്യാവശ്യങ്ങൾക്കും പട്ടയവ്യവസ്ഥകളിൽ പരാമർശിച്ചിട്ടില്ലാത്ത നിർമ്മാണങ്ങൾക്കും എൻ.ഒ.സി. നൽകുന്നതിന് നിലവിൽ വ്യവസ്ഥയില്ല. വാണിജ്യാവശ്യങ്ങൾക്കുള്ള കെട്ടിടനിർമ്മാണത്തിന് എൻ.ഒ.സി. നൽകുന്നതിന് നയപരമായ തീരുമാനമെടുക്കുന്നത് സംബന്ധിച്ച് പരിശോധിച്ചുവരികയാണ്.

ശ്രീ. കെ. എം. മാണി: മൂന്നാർ മേഖലയിലെ ഗൃഹനിർമ്മാണത്തിന്റെ അനുമതിക്കായുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നതുമായി ബന്ധപ്പെട്ട് ഇടുക്കി ജില്ലയിലെ ചില പ്രദേശങ്ങളിൽ ഇന്ന് ഹർത്താൽ നടക്കുകയാണ്. ഹൈക്കോടതി

വിധി നിലവിലിരിക്കെ പട്ടയം ലഭിക്കാത്ത അപേക്ഷകർക്ക് വീട് വയ്ക്കുന്നതിന് മുൻ യു.ഡി.എഫ്. സർക്കാർ അനുവാദം നൽകിയിരുന്നെങ്കിലും ഈ സർക്കാർ ടി എട്ട് വില്ലേജുകളിലെ ഗൃഹനിർമ്മാണത്തിന് എൻ.ഒ.സി. നൽകാനുള്ള അധികാരം ഒരു സർക്കുലറിലൂടെ ആർ.ഡി.ഒ.-ക്ക് നൽകിയിരിക്കുകയാണ്. എൻ.ഒ.സി. വേണമെന്ന വിധിയുടെ പേരിൽ അമ്പതു കിലോമീറ്റർ അകലെയുള്ള വില്ലേജുകൾകൂടി ഉൾപ്പെടുത്തി സർക്കുലർ പുറപ്പെടുവിച്ചത് ശരിയായ നടപടിയല്ല. പട്ടയഭൂമിയിലെ അവകാശികൾക്ക് പോക്കുവരവ് ചെയ്യുന്നതിന് വലിയ കാലതാമസമുണ്ടാകുകയാണ്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട കരട് വിജ്ഞാപനത്തിന്റെ കാലാവധി കഴിയുന്നതിന് മുമ്പ് അന്തിമ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ സർക്കാർ തയ്യാറാകണം. വൻകിടക്കാരുടെ അനധികൃത കെട്ടിട നിർമ്മാണങ്ങൾ റെഗുലറൈസ് ചെയ്യുകയും വിവിധ കാരണങ്ങൾ ചൂണ്ടിക്കാട്ടി സാധാരണക്കാർക്ക് ഗൃഹനിർമ്മാണത്തിനുള്ള എൻ.ഒ.സി. നിഷേധിക്കുകയും ചെയ്യുന്ന റവന്യൂ വകുപ്പിന്റെ നിലപാട് തിരുത്തണം. കാർഷികോൽപ്പന്നങ്ങളുടെ വിലയിടിവ് പരിഹരിക്കുന്നതിനും റബ്ബർ കർഷകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം. സ്വന്തം ഭൂമിയിൽ ലാഭകരമായ ഏതു കൃഷിയും ചെയ്യുന്നതിന് അധികാരവും അവകാശവും കർഷകന് ലഭ്യമാകുന്ന തരത്തിൽ ലാൻഡ് അസൈൻമെന്റ് റൂൾസിൽ ഭേദഗതി വരുത്തണം.

ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u>: സർക്കാരുമായി ആലോചിക്കാതെ ഉദ്യോഗസ്ഥതലത്തിൽ എടുത്ത ഉത്തരവുകൾ പിൻവലിക്കാൻ നടപടിയുണ്ടാകണം.

<u>ശ്രീ. റോഷി അഗസ്റ്റിൻ:</u> അതീവ ഗൗരവമായ ഈ പ്രശ്നത്തിൽ ഇടുക്കിയിലെ ജനങ്ങൾക്കനുകൂലമായ നിലപാട് സ്വീകരിക്കാനും ജില്ലാ കളക്ടറുടെ ഉത്തരവ് പിൻവലിക്കാനും നടപടിയുണ്ടാകണം.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: കെ.എൽ.ആർ. ആക്ട് വരുന്നതിനുമുമ്പ് തുണ്ടുതുണ്ടായി വിറ്റ തോട്ടങ്ങൾ പോക്കുവരവ് ചെയ്യുകയും മൂന്നാർ ട്രൈബ്യൂണൽ ആക്ടുമായി ബന്ധപ്പെട്ട് ആനവിലാസം വില്ലേജ് ഒഴിവാക്കുകയും രേഖകളിൽ വനമാണെന്ന് പറഞ്ഞ് പട്ടയം കൊടുക്കാത്ത അടിമാലി പ്രദേശത്തെ പ്രശ്നത്തിൽ അനുകൂലമായ തീരുമാനമുണ്ടാകുകയും വേണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. ചന്ദ്രശേഖരൻ)</u>: 26-05-2018-ലെ ഉത്തരവ് റദ്ദ് ചെയ്യുന്നത് പ്രദേശത്തെ കൃഷിക്കാർക്കും സാധാരണക്കാർക്കും ഗുണകരമല്ലെങ്കിലും ആവശ്യം പരിശോധിക്കാവുന്നതാണ്. കയ്യേറ്റക്കാർക്കെതിരെ ശക്തമായ നടപടി സ്വീകരിക്കുന്ന നിലപാടാണ് സർക്കാരിനുള്ളത്. ആനവിലാസം വില്ലേജ് ഒഴിവാക്കുന്നതിന് മൂന്നാർ ട്രൈബ്യൂണൽ ആക്ടിൽ ഭേദഗതി വരുത്തേണ്ടതുള്ളതിനാൽ ആഭ്യന്തര വകുപ്പിന്റെ

പരിഗണനയിലാണ്. 50 കി.മീ. അകലെയാണെങ്കിലും മൂന്നാർ സ്പെഷ്യൽ ട്രൈബ്യൂണലിന്റെ പരിധിയിൽപ്പെട്ട വില്ലേജുകളിലെ നിർമ്മാണ പ്രവർത്തനങ്ങളെ ബാധിക്കുന്നതാണ് കോടതി വിധി. ഇതുസംബന്ധിച്ച് നിയമവശം പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്. കസ്തൂരിരംഗൻ റിപ്പോർട്ടുമായി ബന്ധപ്പെട്ട് ജനവാസ കേന്ദ്രങ്ങളും പ്ലാന്റേഷനുകളും പൂർണ്ണമായും ഒഴിവാക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇടുക്കി മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ഒട്ടേറെ നടപടികൾ ഈ സർക്കാർ സ്വീകരിച്ചിട്ടുണ്ട്. 01-01-1977-നു മുൻപ് വനഭൂമി കൈവശം വച്ചിരുന്ന 14386 പേർക്ക് പട്ടയം നൽകുകയും അവശേഷിക്കുന്നവർക്ക് പട്ടയം നൽകാൻ പ്രത്യേക സംവിധാനം ഏർപ്പെടുത്തുകയും ചെയ്തു. പട്ടയഭൂമിയിൽ വച്ചുപിടിപ്പിക്കുന്ന ചന്ദനമൊഴികെയുള്ള മരങ്ങൾ അവകാശപ്പെട്ട കൃഷിക്കാർക്ക് ലഭിക്കത്തക്ക വിധത്തിൽ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും സർവ്വേ നമ്പരുകളിലുള്ള തെറ്റ് തിരുത്താൻ നിയമാനുസൃതമായ അനുമതി നൽകിക്കൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കുകയും പെരിഞ്ചാൻകുട്ടിയിൽ ആദിവാസികളുടെ ഭൂപ്രശ്നത്തിന് പരിഹാരം കാണുകയും കുടിയിറക്കപ്പെട്ട കുടുംബങ്ങൾക്ക് പട്ടയം നൽകാനുള്ള തീരുമാനമെടുക്കുകയും ചെയ്തു. 26-05-2018-ലെ ഉത്തരവ് ഇടുക്കിയിലെ ജനങ്ങൾക്ക് ഗുണകരമാകുന്ന സാഹചര്യത്തിൽ ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച്

ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആന്റ് എൻവയോൺമെന്റ് സെന്റർ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വ്യക്തമായ മാനദണ്ഡങ്ങൾക്ക് വിധേയമായി ഇ.എസ്.എ. നിശ്ചയിച്ച് മന്ത്രിസഭ അംഗീകാരത്തോടുകൂടി കേന്ദ്ര സർക്കാരിന് സമർപ്പിച്ച ശിപാർശ അംഗീകരിക്കുമെന്ന് പ്രതീക്ഷിക്കുന്നു. നിശ്ചിത അളവുവരെ കൃഷി ആവശ്യങ്ങൾക്കായുള്ള ഉപയോഗവും ജീവനോപാധിക്കായുള്ള നിർമ്മിതികളും വേർതിരിച്ച് നിലവിലുള്ള ഭൂ പതിവ് ചട്ടങ്ങൾക്ക് വിധേയമായി പരമാവധി പട്ടയങ്ങൾ നൽകുന്നതിന് നടപടി സ്വീകരിക്കുന്നതും ആവശ്യമെങ്കിൽ മൂന്നാർ മേഖലയ്ക്ക് മാത്രമായി പ്രത്യേക നിയമനിർമ്മാണം നടത്തുന്നതുമാണ്. റവന്യൂ വകുപ്പിന്റെ എൻ.ഒ.സി.-യും പഞ്ചായത്തിന്റെ അനുമതിയുമില്ലാതെ മൂന്നാർ മേഖലയിൽ യാതൊരു നിർമ്മാണ പ്രവർത്തനവും നടത്താൻ പാടില്ലെന്ന് ഹൈക്കോടതി ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും ഗൃഹനിർമ്മാണത്തിന് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം ആർ.ഡി.ഒ.-യ്ക്ക് നൽകിയിട്ടുണ്ട്. വിദൂര ഗ്രാമങ്ങളിലെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ചാണ് എൻ.ഒ.സി. നൽകുന്നതിനുള്ള അധികാരം വില്ലേജ് ഓഫീസർമാർക്ക് നൽകിക്കൊണ്ട് 26-05-2018-ന് സർക്കാർ ഉത്തരവായത്. ജനങ്ങൾക്ക് പ്രയാസം അനുഭവപ്പെടാതെ

സർക്കാർ ഉത്തരവ് അനുസരിച്ചുതന്നെ മൂന്നാർ മേഖലയിൽ നിർമ്മാണ പ്രവർത്തനങ്ങൾക്ക് എൻ.ഒ.സി. നൽകണമെന്ന് കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## IV ശ്രദ്ധക്ഷണിക്കൽ

### (1) ഗുരുവായൂർ വികസന അതോറിറ്റി

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനത്തിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ നിരവധി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ഡ്രെയിനേജ് സ്കീം, കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരണ ഘട്ടത്തിലാണ്. 100 കോടിയോളം രൂപ ചെലവുവരുന്ന അമൃത്, പ്രസാദ് പദ്ധതികൾ ഗുരുവായൂർ നഗരസഭയും ദേവസ്വം ബോർഡും നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. മേൽപ്പാലത്തിനാവശ്യമായ സ്ഥലമെടുപ്പും ഗസ്റ്റ്

ഹൗസിന്റെ നിർമ്മാണവും നടന്നുവരുന്നു. ദേവസ്വവും നഗരസഭയും കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകളും നടപ്പിലാക്കുന്ന പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി ഒരു വികസന അതോറിറ്റി രൂപീകരിക്കാനും ക്ഷേത്രസുരക്ഷയുമായി ബന്ധപ്പെട്ട് സംസ്ഥാന തലത്തിൽ ഉന്നതതല യോഗം വിളിച്ചുചേർക്കാനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ഗുരുവായൂർ ക്ഷേത്രത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനായി അമൃത് മിഷൻ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നുണ്ട്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ഹൈ പവേർഡ് സ്റ്റിയറിംഗ് കമ്മിറ്റിയും തദ്ദേശസ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ ടെക്നിക്കൽ കമ്മിറ്റിയും നിലവിലുണ്ട്. വിവിധ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് നഗരസഭയാണ് പദ്ധതി പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നത്. പ്രസാദ് പദ്ധതിക്കുകീഴിൽ ഗുരുവായൂർ മുനിസിപ്പാലിറ്റിയുടെയും ദേവസ്വത്തിന്റെയും നിരീക്ഷണത്തിൽ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാന പദ്ധതികളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് നിലവിലുള്ള സംവിധാനങ്ങൾ പര്യാപ്തമാണ്. കേന്ദ്ര-സംസ്ഥാന പദ്ധതികളുടെ

ഏകോപനത്തിനായി വികസന അതോറിറ്റി രൂപീകരിക്കുന്നകാര്യം സർക്കാരിന്റെ പരിഗണനയിലില്ല. അമൃത്, പ്രസാദ് പദ്ധതികളുടെ ഏകോപനത്തിനായി നിലവിലുള്ള ഹൈ പവർ കമ്മിറ്റി അവലോകനം നടത്തുന്നതാണ്.

(2) കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളം

ശ്രീ. അബ്ദുൽ ഹമീദ് പി.: കോഴിക്കോട് അന്താരാഷ്ട്ര വിമാനത്താവളത്തിന്റെ സമഗ്ര വികസനത്തിനായി കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം. മികച്ച സേവനം നടത്തിക്കൊണ്ടിരുന്ന വിമാന സർവ്വീസുകൾ വെട്ടിക്കുറച്ചത് സംബന്ധിച്ച് മുഖ്യമന്ത്രി കേന്ദ്ര ഗവൺമെന്റിന്റെയും ഏവിയേഷൻ ഉദ്യോഗസ്ഥരുടെയും എയർപോർട്ട് അതോറിറ്റിയുടെയും ശ്രദ്ധയിൽപ്പെടുത്തുകയും നേരിട്ട് മീറ്റിംഗുകൾ വിളിച്ച് സജീവമായി ഇടപെടുകയും ചെയ്തത് അഭിനന്ദനാർഹമാണ്. വിമാനത്താവളത്തിന്റെ വികസനത്തിന് സാങ്കേതികക്ഷമത, സൗകര്യക്കുറവ്, സുരക്ഷാ പ്രശ്നങ്ങൾ എന്നീ കാരണങ്ങൾ ഉയർത്തിക്കാട്ടി വ്യോമയാനമന്ത്രാലയവും ഭരണകൂടവും തടസ്സം നിൽക്കുകയാണ്. 2015 മേയ് മാസത്തിൽ ഏർപ്പെടുത്തിയ വിലക്ക് 2017 ഫെബ്രുവരിയിലും പിൻവലിച്ചിട്ടില്ല. കരിപ്പൂർ വിമാനത്താവളത്തോടുള്ള വിവേചനമൊഴിവാക്കാനും വലിയ വിമാനങ്ങൾക്ക് ഏർപ്പെടുത്തിയ വിലക്ക് പിൻവലിക്കാനും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കരിപ്പൂർ വിമാനത്താവളത്തിൽ ജംബോ വിമാനങ്ങൾ സഞ്ചാരയോഗ്യമാക്കുന്നതിനാവശ്യമായ 485.3 ഏക്കർ സ്ഥലം ഏറ്റെടുത്ത് എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യയ്ക്ക് കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വിമാനത്താവളത്തിന്റെ റൺവേയുടെ ദൈർഘ്യം വർദ്ധിപ്പിക്കുന്നതിനുള്ള ശിപാർശ കേന്ദ്ര സിവിൽ വ്യോമയാന മന്ത്രാലയത്തിന് സമർപ്പിച്ചെങ്കിലും നിലവിലുള്ള ചട്ടങ്ങൾ പാലിച്ചുകൊണ്ട് ശിപാർശ പുന:സമർപ്പിക്കാൻ ഡയറക്ടർ ജനറൽ ഓഫ് സിവിൽ ഏവിയേഷൻ എയർപോർട്ട് അതോറിറ്റി ഓഫ് ഇൻഡ്യയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കരിപ്പൂർ വിമാനത്താവളത്തിൽ ജംബോ വിമാനങ്ങൾ സർവ്വീസ് നടത്തുന്നതുമായി ബന്ധപ്പെട്ട് ഡി.ജി.സി.എ. പരിശോധന നടത്തി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബോയിംഗ് 777 പോലുള്ള വിമാനങ്ങൾ ഇറങ്ങാനുതകുന്നവിധം റൺവേ-സേഫ്റ്റി ഏരിയയുടെ ദൈർഘ്യം 90 മീറ്ററിൽനിന്ന് 240 മീറ്ററായി വർദ്ധിപ്പിക്കുകയും ലൈറ്റിംഗ് അറേഞ്ച്മെന്റ്സ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. വലിയ വിമാനങ്ങൾ സർവ്വീസ് നടത്തുന്നതിന് നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ എയർപോർട്ട് അതോറിറ്റി ഓഫ് ഇന്ത്യ ചെയർമാനും വിദഗ്ദ്ധ സംഘവും കോഴിക്കോട് വിമാനത്താവളം സന്ദർശിക്കാമെന്ന് ഉറപ്പുനൽകുകയും കേരളത്തിന്റെ സിവിൽ വ്യോമയാന രംഗം

ശക്തിപ്പെടുത്തുന്നതിനുള്ള പിന്തുണയും സഹായവും സിവിൽ വ്യോമയാന വകുപ്പ് വാഗ്ദാനം നൽകുകയും ചെയ്തിട്ടുണ്ട്.

## V സബ്മിഷൻ

(1) ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനം

ശ്രീ. മുല്ലക്കര രത്നാകരൻ: ഹയർ സെക്കണ്ടറി അദ്ധ്യാപകരുടെ നിയമനവുമായി ബന്ധപ്പെട്ട് നിലനിൽക്കുന്ന അപാകത പരിഹരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഹയർ സെക്കണ്ടറി അദ്ധ്യാപക നിയമനത്തിന് പി.എസ്.സി. റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ ബിരുദാനന്തര ബിരുദ പരീക്ഷയ്ക്ക് നേടിയ മാർക്കുകൂടി പരിഗണിക്കുന്നത് സംബന്ധിച്ച് കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിലനിന്നിരുന്ന കേസിൽ പബ്ലിക് സർവ്വീസ് കമ്മീഷന് ഇക്കാര്യം തീരുമാനിക്കുന്നതിന് അധികാരമുണ്ടെന്ന നിരീക്ഷണം നടത്തി കേസ് അവസാനിപ്പിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് ഒഴികെയുള്ള അദ്ധ്യാപക തസ്തികകളിലെ തെരഞ്ഞെടുപ്പിന് അക്കാദമിക് മാർക്കിന് വെയിറ്റേജ് നൽകുന്നത് പരിശോധിക്കാൻ നിയോഗിച്ച വിദഗ്ദ്ധ സമിതി ശിപാർശ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ വിവിധ കോടതികളിൽ കേസുകൾ നിലനിൽക്കുന്നതിനാൽ നിലവിലെ പി.എസ്.സി. തെരഞ്ഞെടുപ്പുകൾക്ക് വെയിറ്റേജ് നിബന്ധന ബാധകമാണ്. വിജ്ഞാപനത്തിലെ വ്യവസ്ഥയ്ക്ക്

തെരഞ്ഞെടുപ്പ് പ്രക്രിയയുടെ ഇടയിൽ മാറ്റം വരുത്താനാകില്ല. അതിനാൽ ഭാവിയിൽ ഹയർ സെക്കണ്ടറി, കോളേജ് അദ്ധ്യാപക തസ്തികകളിലേയ്ക്ക് പുറപ്പെടുവിക്കുന്ന വിജ്ഞാപനങ്ങൾക്ക് പരീക്ഷാ സമ്പ്രദായത്തിൽ മാറ്റം വരുത്തി വെയിറ്റേജ് സംബന്ധിച്ച വിഷയം പരിശോധിക്കുന്ന കാര്യം പി.എസ്.സി.-യുടെ പരിഗണനയിലാണ്.

(2) കടലാക്രമണം

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഹരിപ്പാട് നിയോജക മണ്ഡലത്തിലെ കടൽക്ഷോഭം രൂക്ഷമായ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളിൽ കടൽഭിത്തിയും പുലിമുട്ടും നിർമ്മിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പ്രദേശങ്ങളിൽ അടിയന്തര തീരസംരക്ഷണ പ്രവൃത്തികൾക്കുള്ള പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മൂവാറ്റുപുഴ വാലി ഇറിഗേഷൻ പ്രോജക്ടിന് ലഭ്യമായ പാറ ഉപയോഗിച്ച് വട്ടച്ചാൽ, പെരുമ്പള്ളി, ആറാട്ടുപുഴ, നല്ലാനിക്കൽ പ്രദേശങ്ങളിൽ 400 മീറ്റർ നീളത്തിലും തൃക്കുന്നപ്പുഴയിൽ 50 മീറ്റർ നീളത്തിലും അടിയന്തര സംരക്ഷണ പ്രവൃത്തികൾ നടന്നുവരുന്നു. പാറയുടെ ക്ഷാമത്തിന് പരിഹാരമായി ജിയോ സിന്തറ്റിക് ട്യൂബുകൾ ഉപയോഗിച്ചുള്ള തീരസംരക്ഷണത്തിന് ഇറിഗേഷൻ വകുപ്പിന്റെ എസ്.പി.വി. ആയ കെ.ഐ.ഐ.ഡി.സി.യുമായി സഹകരിച്ച് നടപടി

സ്വീകരിച്ചുവരുന്നു. ശാശ്വത പരിഹാരമായി തകർന്ന ഭാഗങ്ങളിലുള്ള കടൽഭിത്തികളുടെ പുനരുദ്ധാരണത്തിനായി എസ്റ്റിമേറ്റ് തയ്യാറാക്കുകയും തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലെ വിവിധ ഭാഗങ്ങളിൽ പുലിമുട്ട് നിർമ്മിക്കുന്നതിനായി മൂന്ന് പ്രോജക്ടുകൾ കിഫ്ബിയിൽ സമർപ്പിക്കുകയും അനുമതിക്കാവശ്യമായ തുടർ നടപടികൾ സ്വീകരിച്ചുവരികയുമാണ്.

(3) <u>മുൻ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയുടെ പരാതി</u>

<u>ശ്രീ. എ. എൻ. ഷംസീർ</u>: ഹരിപ്പാട് നഗരസഭയിലെ മുൻ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയെ ഭീഷണിപ്പെടുത്തുകയും പീഡിപ്പിക്കുകയും ചെയ്ത പ്രതിയെ നിയമത്തിനുമുന്നിൽ കൊണ്ടുവരുന്നതിന് സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ഹരിപ്പാട് നഗരസഭയിലെ കൗൺസിലർ ശ്രീ. എം. പി. അനിൽമിത്ര ഹരിപ്പാട് മുൻ ഐ.സി.ഡി.എസ്. ഉദ്യോഗസ്ഥയായ തിരുവനന്തപുരം സ്വദേശിനിയെ പലതവണ ലൈംഗികചൂഷണം നടത്തുകയും ആഭരണവും പണവും തട്ടിയെടുക്കുകയും ചെയ്തതായി 2018 ജൂൺ 9-ന് സംസ്ഥാന പോലീസ് മേധാവിക്ക് പരാതി ലഭിക്കുകയും അടൂർ പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. പരാതിക്കാരിയെ വൈദ്യപരിശോധനയ്ക്ക് വിധേയയാക്കുകയും പത്തനംതിട്ട ജുഡീഷ്യൽ ഒന്നാം ക്ലാസ് മജിസ്ട്രേട്ടിന് മുമ്പാകെ ഹാജരാക്കുകയും ക്രിമിനൽ നിയമ

നടപടി ചട്ടമനുസരിച്ച് മൊഴി രേഖപ്പെടുത്തുകയും ചെയ്തു. ഹൈക്കോടതിയിൽ മുൻകൂർ ജാമ്യാപേക്ഷ സമർപ്പിച്ചിരിക്കുന്ന പ്രതിയെ അറസ്റ്റ് ചെയ്യാൻ നിയമപരമായ എല്ലാ നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(4) കൊച്ചി മെട്രോ

ശ്രീ. റോജി. എം. ജോൺ: കൊച്ചി മെട്രോ അങ്കമാലി വരെ നീട്ടുന്ന പദ്ധതിയുടെ മൂന്നാംഘട്ട പ്രവർത്തനം ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കൊച്ചി മെട്രോയുടെ ഒന്നാം ഘട്ടത്തിലെ ആലുവ മുതൽ മഹാരാജാസ് വരെയുള്ള ഭാഗം പ്രവർത്തനം ആരംഭിച്ചതിനുശേഷം പേട്ടവരെയുള്ള ആദ്യഘട്ടത്തിലെ രണ്ടാം ഭാഗത്തിന്റെ നിർമ്മാണ ജോലികൾ 2019 ജൂണിൽ പൂർത്തീകരിക്കത്തക്കവിധത്തിൽ പുരോഗമിച്ചുവരുന്നു. പേട്ടയിൽ നിന്ന് തൃപ്പൂണിത്തുറ എസ്.എൻ. ജംഗ്ഷനിൽ അവസാനിക്കുന്ന മെട്രോ ഘട്ടം 1 എ-യുടെ നിർമ്മാണത്തിനുള്ള നടപടിക്രമങ്ങളും പുരോഗമിച്ചിട്ടുണ്ട്. കൂടാതെ കലൂർ ജവഹർലാൽ നെഹ്റു സ്റ്റേഡിയത്തിൽ നിന്നാരംഭിച്ച് കാക്കനാട് വഴി ഇൻഫോപാർക്കിൽ അവസാനിക്കുന്ന രണ്ടാംഘട്ടത്തിന്റെ അനുമതിക്കായി പുതിയ മെട്രോ നയത്തിനനുസരിച്ച് മാറ്റങ്ങൾ വരുത്തിയ പദ്ധതി രേഖ സംസ്ഥാന സർക്കാരിന്റെ പരിഗണനയിലാണ്. ഇതിന്

കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമായാൽ മാത്രമേ രണ്ടാം ഘട്ടത്തിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത സാഹചര്യത്തിൽ അങ്കമാലിയിലേയ്ക്ക് മെട്രോ ദീർഘിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(5) രാഷ്ട്രീയ സംഘർഷങ്ങൾ

ഡോ. എൻ. ജയരാജ്: ചിറക്കടവ് പ്രദേശത്തെ രാഷ്ട്രീയ സംഘർഷങ്ങൾ അവസാനിപ്പിക്കുന്നതിനും പ്രതികൾക്കെതിരെ കക്ഷിരാഷ്ട്രീയ ഭേദമെന്യേ കേസ്സെടുക്കുന്നതിനും ജനങ്ങളുടെ സ്വൈര്യജീവിതം ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കോട്ടയം ജില്ലയിൽ ചിറക്കടവ് പഞ്ചായത്തിലെ ചില ഭാഗങ്ങളിൽ സമാധാനാന്തരീക്ഷം തടസ്സപ്പെടുത്തുന്ന രീതിയിൽ സംഘർഷമുണ്ടായതിനെത്തുടർന്ന് ജില്ലാ കളക്ടർ സമാധാനയോഗം വിളിക്കുകയും 12-06-2018 മുതൽ പതിനാല് ദിവസത്തേയ്ക്ക് നിരോധനാജ്ഞ പുറപ്പെടുവിക്കുകയും ചെയ്തു. സമാധാന യോഗത്തിലെടുത്ത തീരുമാനത്തിന് വിരുദ്ധമായി 23-06-2018-ന് ഒരു സംഘം ബി.ജെ.പി. പ്രവർത്തകർ യാതൊരു പ്രകോപനവുമില്ലാതെ സി.പി.ഐ.(എം) പ്രവർത്തകനായ രവിയെ മാരകമായി വെട്ടിപ്പരിക്കേൽപ്പിച്ചതിനെത്തുടർന്ന് അദ്ദേഹത്തെ അടിയന്തര ശസ്ത്രക്രിയയ്ക്ക് വിധേയനാക്കിയിട്ടുണ്ട്. രവിയുടെ ഭാര്യയുടെ മൊഴിയുടെ അടിസ്ഥാനത്തിൽ വിവിധ

വകുപ്പുകൾ പ്രകാരം പൊൻകുന്നം പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് പ്രതികളെ ചോദ്യം ചെയ്തുവരികയാണ്. ചിറക്കടവ് പ്രദേശത്ത് പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും മൊബൈൽ പട്രോളിംഗ് ടീമുകൾ ഇരുപത്തിനാല് മണിക്കൂറും പട്രോളിംഗ് നടത്തിവരികയും ചെയ്യുന്നുണ്ട്. ഈ പ്രദേശത്ത് സമാധാനം പുന:സ്ഥാപിക്കുന്നതിനും പ്രതികളെ അറസ്റ്റ് ചെയ്യുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (6) സാമ്പത്തിക തട്ടിപ്പ്

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: വയനാട് ജില്ലയിലെ കാർഷികോൽപ്പന്നങ്ങൾ വിദേശ രാജ്യങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കുന്നതുമായി ബന്ധപ്പെട്ട് നടത്തിയ സാമ്പത്തിക തട്ടിപ്പ് അന്വേഷിക്കുന്നതിനും പ്രതികളെ കണ്ടെത്തി മാതൃകാപരമായി ശിക്ഷിക്കുന്നതിനും കർഷകർക്ക് നഷ്ടപ്പെട്ട തുക തിരികെ ലഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വയനാട് ജില്ലയിൽ മാനന്തവാടി പുൽപ്പള്ളി, തിരുനെല്ലി, വെള്ളമുണ്ട, തലപ്പുഴ എന്നിവിടങ്ങളിലെ പന്ത്രണ്ടോളം കർഷകരിൽനിന്നും പ്രതികൾ ശേഖരിച്ച കുരുമുളകിനും കാപ്പിക്കും മാർക്കറ്റ് വിലയേക്കാൾ കൂടുതൽ വില നൽകാമെന്ന് വാഗ്ദാനം ചെയ്തിരുന്നുവെങ്കിലും പണം നൽകാതെ പകരം നൽകിയ ചെക്ക് അക്കൗണ്ടിൽ പണമില്ലാതെ

മടങ്ങിയതിനെത്തുടർന്ന് കർഷകർ കബളിപ്പിക്കപ്പെട്ടതായി മനസ്സിലാക്കുകയും പ്രതികളുടെ പേരിൽ വഞ്ചനാകുറ്റം ചുമത്തുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട് മാനന്തവാടി പോലീസ് സ്റ്റേഷനിൽ അഞ്ചും പുൽപ്പള്ളി, വെള്ളമുണ്ട, തിരുനെല്ലി പോലീസ് സ്റ്റേഷനുകളിൽ ഓരോന്നും തലപ്പുഴ പോലീസ് സ്റ്റേഷനിൽ നാല് കേസുകളും രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. പ്രതികളുടെ പേരിലുള്ള കാറും ജീപ്പും കസ്റ്റഡിയിലെടുക്കുകയും കാർ കൈമാറ്റം ചെയ്യാതിരിക്കാൻ വടകര ആർ.ടി.ഒ. മുഖേന നടപടി സ്വീകരിക്കുകയും പ്രതികളുടെ ബാങ്ക് അക്കൗണ്ടുകൾ മരവിപ്പിക്കുകയും വസ്തുവകകൾ കൈമാറ്റം ചെയ്യാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

(7) വില്ലേജ് ഓഫീസിലെ കാലതാമസം

ശ്രീ. അനൂപ് ജേക്കബ്: ആമ്പല്ലൂർ വില്ലേജ് ഓഫീസിൽനിന്നും സർട്ടിഫിക്കറ്റുകളും സേവനങ്ങളും ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനും വില്ലേജ് ഓഫീസ് വിഭജനവുമായി ബന്ധപ്പെട്ട് തസ്തികകൾ സൃഷ്ടിക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പറവൂർ നിയോജകമണ്ഡലത്തിലെ വില്ലേജ് ഓഫീസുകളിൽനിന്ന് സർട്ടിഫിക്കറ്റുകളും സേവനങ്ങളും കാലതാമസമില്ലാതെ ലഭ്യമാക്കിയിട്ടുണ്ടെന്ന വിവരമാണ്

ലഭിച്ചിട്ടുള്ളത്. കഴിഞ്ഞ മൂന്ന് മാസത്തിനുള്ളിൽ ആമ്പല്ലൂർ വില്ലേജ് ഓഫീസിൽ ലഭിച്ച സർട്ടിഫിക്കറ്റ് സംബന്ധമായ 1567 അപേക്ഷകളും തീർപ്പാക്കിയിട്ടുണ്ട്. എറണാകുളം ജില്ലയിലെ മറ്റ് വില്ലേജാഫീസുകളിൽ ജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭിക്കുന്നില്ലെന്ന പരാതി നാളിതുവരെ ലഭിച്ചിട്ടില്ല. കാലതാമസം കൂടാതെ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നിർദ്ദേശം എറണാകുളം ജില്ലാ കളക്ടർക്ക് നൽകിയിട്ടുണ്ട്. ആമ്പല്ലൂർ വില്ലേജാഫീസുമായി ബന്ധപ്പെട്ട് കൂടുതൽ പരിശോധന ആവശ്യമാണെങ്കിൽ നടപടി സ്വീകരിക്കുന്നതാണ്. വില്ലേജ് ഓഫീസ് വിഭജനത്തിന് പുതിയ കെട്ടിടം തയ്യാറായെങ്കിലും പോസ്റ്റ് ക്രിയേഷനുമായി ബന്ധപ്പെട്ട ചർച്ചകൾ നടക്കുന്നുണ്ട്. പ്രസ്തുത വിഷയം പരിഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (8) <u>തകർന്ന വീട് വാസയോഗ്യമാക്കൽ</u>

<u>ശ്രീമതി സി. കെ. ആശ</u>: കണ്ടെയ്നർ ലോറി മറിഞ്ഞ് തകർന്ന വീട് താമസയോഗ്യമാക്കുന്നതിനും വാഹന ഉടമയിൽനിന്നും അർഹമായ നഷ്ടപരിഹാരം വാങ്ങിക്കൊടുക്കുന്നതിനും അപകടത്തിനിരയായ വേണുവിന്റെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): കോട്ടയം ജില്ലയിലെ വൈക്കം താലൂക്ക് നിവാസിയായ വേണുവിന്റെ വീടിന് മുകളിലേയ്ക്ക്

കണ്ടെയ്നർ ലോറി മറിഞ്ഞ് വീടിന് കേടുപാടുകൾ സംഭവിച്ചതിനെത്തുടർന്ന് പി.ഡബ്ല്യു.ഡി. വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയർ സ്ഥലപരിശോധന നടത്തി വീട് പുതുക്കിപ്പണിയുന്നതിന് 4,70,000 രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയെങ്കിലും തുക നൽകാൻ നിർവ്വാഹമില്ലെന്നും നഷ്ടപരിഹാരമായി 65,000/- രൂപ നൽകാമെന്നും റവന്യൂ ഡിവിഷണൽ ഓഫീസർ വിളിച്ചുചേർത്ത യോഗത്തിൽ ലോറി ഉടമയ്ക്കുവേണ്ടി ഹാജരായ അഡ്വക്കേറ്റ് അറിയിച്ചിട്ടുണ്ട്. മാനുഷിക പരിഗണന നൽകി വീട് ബലക്ഷയം കൂടാതെ പുനർനിർമ്മിക്കുന്നതിന് ഇരുകൂട്ടരും വിട്ടുവീഴ്ചയ്ക്ക് തയ്യാറാകണമെന്ന് പാല റവന്യൂ ഡിവിഷണൽ ഓഫീസർ നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ വീടിന് കേടുപാടുകൾ സംഭവിക്കുമ്പോൾ വീട് പുതുക്കി പണിയുന്നതിന് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം നൽകാൻ വ്യവസ്ഥയില്ല.

(9) <u>നഷ്ടപരിഹാരവും പുനരുദ്ധാരണ പ്രവർത്തനങ്ങളും</u>

<u>ശ്രീ. കെ. എൻ. എ. ഖാദർ</u> : വേങ്ങര നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനും റോഡുകൾ പുനരുദ്ധരിക്കുന്നതിനും പുഴയരികിൽ താമസിക്കുന്നവർക്ക് മതിയായ സുരക്ഷാ സംവിധാനമൊരുക്കുന്നതിനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്ത് കാലവർഷക്കെടുതിമൂലം 66 പേർ മരണമടയുകയും 289 വീടുകൾ പൂർണ്ണമായും 6900 വീടുകൾ ഭാഗികമായും തകരുകയും പഞ്ചായത്ത്/പി.ഡബ്ല്യൂ.ഡി. റോഡുകൾ, ഓടകൾ, കലുങ്കുകൾ സംരക്ഷണ ഭിത്തികൾ, ട്രാൻസ്ഫോർമറുകൾ, ഇലക്ട്രിക് പോസ്റ്റുകൾ തുടങ്ങിയവയ്ക്ക് നാശനഷ്ടമുണ്ടാകുകയും ചെയ്തിട്ടുണ്ട്. ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ ആരംഭിക്കുകയും റവന്യൂ-പോലീസ്-അഗ്നിശമനസേന-തദ്ദേശസ്വയംഭരണം-ആരോഗ്യ വകുപ്പുദ്യോഗസ്ഥർ സംയുക്തമായി ദുരിതാശ്വാസ പ്രവർത്തനങ്ങൾ നടത്തുകയും കേന്ദ്ര ദുരന്ത പ്രതികരണസേനയുടെ രണ്ട് ടീമുകളിലായി 96 പേരുടെ സേവനം ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ജില്ലകളിൽ ക്യാമ്പുകൾ ഏർപ്പെടുത്തി ദുരന്തബാധിതരെ മാറ്റിപാർപ്പിക്കുകയും ഭക്ഷണവും ശുദ്ധജലവും വൈദ്യുതിയും ഉറപ്പുവരുത്തുകയും പകർച്ചവ്യാധി തടയാനാവശ്യമായ നിർദ്ദേശം നൽകുകയും ആദിവാസി ഊരുകളിൽ ഭക്ഷണമെത്തിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കാലവർഷക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകാൻ 18-06-2018-ൽ ചേർന്ന പ്രത്യേക മന്ത്രിസഭായോഗം തീരുമാനിക്കുകയും വീടുകൾക്കും കൃഷി നാശത്തിനുമുള്ള ധനസഹായം അനുവദിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുകയും

ചെയ്തിട്ടുണ്ട്.

(10) കുടിവെള്ള പദ്ധതികൾ

ശ്രീ. സജി ചെറിയാൻ: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം കാണുന്നതിനും അനുമതി ലഭിച്ച ശുദ്ധജല വിതരണ പദ്ധതികൾ അടിയന്തരമായി ആരംഭിക്കുന്നതിനും നിലവിലുള്ള കുടിവെള്ള പദ്ധതികൾക്ക് എക്സ്റ്റൻഷൻ ലൈനുകൾ സ്ഥാപിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): ചെങ്ങന്നൂർ നിയോജക മണ്ഡലത്തിലുൾപ്പെട്ട ആല - പുലിയൂർ - ബുധനൂർ - പാണ്ടനാട് കുടിവെള്ള പദ്ധതി നടപ്പിലാക്കുന്നതിന് 15 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചെങ്കിലും ചില സാങ്കേതിക കാരണങ്ങളാൽ അനുമതി റദ്ദാക്കിയ സാഹചര്യത്തിൽ കിഫ്ബിയിലുൾപ്പെടുത്തി പുതിയ പദ്ധതി പ്രഖ്യാപിക്കുകയും 81 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന കുടിവെള്ള പദ്ധതിയുടെ എഞ്ചിനീയറിംഗ് റിപ്പോർട്ട് തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരികയുമാണ്. മുളക്കുഴ-വെൺമണി പഞ്ചായത്തുകൾക്കുള്ള കുടിവെള്ളപദ്ധതിയുടെ ഒന്ന്, രണ്ട് ഘട്ടങ്ങൾ പൂർത്തിയാക്കുന്നതിന് 2013-15 കാലഘട്ടത്തിൽ ഭരണാനുമതി ലഭിക്കുകയും ഒന്നാം ഘട്ടത്തിലുൾപ്പെട്ടിരുന്ന റാ വാട്ടർ പമ്പിംഗ് മെയിൻ, ശുദ്ധീകരണശാല, മുളക്കുഴ പഞ്ചായത്തിനായി ഉപരിതല

സംഭരണി, അതിലേയ്ക്കുള്ള പമ്പിംഗ് മെയിൻ എന്നീ പ്രവൃത്തികൾക്ക് കരാർ നൽകുകയും ചെയ്തെങ്കിലും സ്ഥലം ലഭ്യമാക്കുന്നതിൽ പഞ്ചായത്തധികൃതർ വീഴ്ച വരുത്തിയതിനാൽ കരാർ പ്രവൃത്തികൾ ഉൾപ്പെടെ പദ്ധതിയുടെ മറ്റ് ഘടകങ്ങളൊന്നും തന്നെ ആരംഭിക്കാൻ സാധിച്ചില്ല. ദേശീയ ഗ്രാമീണ കുടിവെള്ള പദ്ധതിയുടെ കേന്ദ്രവിഹിതത്തിലുണ്ടായ കുറവും പദ്ധതി മാർഗ്ഗരേഖകളിൽ കേന്ദ്ര സർക്കാർ വരുത്തിയ മാറ്റവുംമൂലം പദ്ധതിക്കുള്ള ഭരണാനുമതി റദ്ദാക്കുകയുണ്ടായി. 2018-19 ബഡ്ജറ്റിൽ ചെങ്ങന്നൂർ മുനിസിപ്പാലിറ്റിക്കും മുളക്കുഴ, വെൺമണി പഞ്ചായത്തുകൾക്കുമുള്ള കുടിവെള്ള പദ്ധതി പ്രഖ്യാപിക്കുകയും വിശദമായ എഞ്ചിനീയറിംഗ് റിപ്പോർട്ട് കേരള വാട്ടർ അതോറിറ്റി തയ്യാറാക്കി വരികയുമാണ്. പാണ്ടവൻപാറ പട്ടികജാതി സങ്കേതമുൾപ്പെടെയുള്ള പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിന് 312 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതിയുടെ തുടർ നടപടിക്കായി തിരുവനന്തപുരം പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. തിരുവൻവണ്ടൂർ പഞ്ചായത്തിനുവേണ്ടി നിലവിലുള്ള കുടിവെള്ള പദ്ധതിയുടെ വിപുലീകരണം തിരുവല്ല-ചങ്ങനാശ്ശേരി മുനിസിപ്പാലിറ്റി പദ്ധതിയിലുൾപ്പെടുത്തി കിഫ്ബി സഹായത്തോടെ 58 കോടി രൂപയുടെ അനുമതി ലഭിച്ചിട്ടുണ്ടെങ്കിലും സ്ഥലം കൈമാറാത്തതിനാൽ പാക്കേജ് മൂന്നിൽ ഉൾപ്പെട്ട വിവിധ പ്രവൃത്തികൾക്ക് തുടർ നടപടി സ്വീകരിക്കാൻ

സാധിച്ചിട്ടില്ല. പഞ്ചായത്തധികൃതർ അനുയോജ്യമായ സ്ഥലം വാട്ടർ അതോറിറ്റിക്ക് കൈമാറിയാലുടൻതന്നെ ടെണ്ടർ നടപടി പൂർത്തിയാക്കി നിർമ്മാണപ്രവൃത്തികൾ ആരംഭിക്കുന്നതാണ്. മാന്നാർ-ചെന്നിത്തല പഞ്ചായത്തുകൾക്കുവേണ്ടി 01-02-2017-ൽ കമ്മീഷൻ ചെയ്ത കുടിവെള്ള പദ്ധതിയുടെ വിതരണ ശൃംഖല ദീർഘിപ്പിക്കുന്ന പ്രവൃത്തികൾ പൂർത്തിയായിവരുന്നു. ചെങ്ങന്നൂർ മണ്ഡലത്തിലെ കുടിവെള്ളവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ സംബന്ധിച്ച് 27-06-2018-ന് തിരുവനന്തപുരത്തുവച്ച് എം.എൽ.എ.യുടെ സാന്നിദ്ധ്യത്തിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി ചർച്ച നടത്തുന്നതാണ്.

(11) കിള്ളിയാർ മിഷൻ പദ്ധതി

ശ്രീ. ഡി. കെ. മുരളി: കിള്ളിയാർ മിഷൻ പദ്ധതി പൂർത്തിയാക്കുന്നതിനാവശ്യമായ തുക അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): കിള്ളിയാർ മാലിന്യമുക്തമാക്കി പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങളാണ് നടന്നുകൊണ്ടിരിക്കുന്നത്. വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ജലസേചന-ജലസംരക്ഷണ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിനായി ജലസേചന വകുപ്പിന് 2018-19-ലെ ബഡ്ജറ്റിൽ 23 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. നീർത്തടാടിസ്ഥാനത്തിൽ ജലസംരക്ഷണം ലക്ഷ്യമാക്കിയുള്ള തടയണകളുടെ

നിർമ്മാണവും സംരക്ഷണവും, കുളങ്ങളുടെ പുനരുദ്ധാരണം, കനാലുകളും കുളങ്ങളും തമ്മിൽ ബന്ധിപ്പിക്കൽ എന്നിവ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. നീർത്തട മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ട ജലസേചന-ജലസംരക്ഷണ പ്രവൃത്തികൾ നടപ്പിലാക്കാൻ ജലസേചന വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്. പദ്ധതിക്കാവശ്യമായ സാങ്കേതിക സഹായവും മറ്റ് പ്രവൃത്തികളും ഏറ്റെടുത്തുകൊണ്ട് പരിപൂർണ്ണ വിജയത്തിലെത്തിക്കാനുള്ള പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

(12) ഡയാലിസിസ് യൂണിറ്റ്

ശ്രീമതി പി. അയിഷാ പോറ്റി: കൊട്ടാരക്കര താലൂക്ക് ആശുപത്രിയിൽ അനുവദിച്ച ഡയാലിസിസ് യൂണിറ്റിന്റെ പണി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): കൊട്ടാരക്കര താലൂക്ക് ഹെഡ്ക്വാർട്ടേഴ്സ് ആശുപത്രിയിൽ 'ആർദ്രം' മിഷന്റെ ഭാഗമായി 9 ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആധുനിക ഡയാലിസിസ് യൂണിറ്റ് സജ്ജീകരിക്കുന്നതിന് 1.23 കോടി രൂപയും അടിസ്ഥാനസൗകര്യ വികസനത്തിന് 24.6 ലക്ഷം രൂപയുമാണ് ചെലവ് കണക്കാക്കിയിട്ടുള്ളത്. പ്രവൃത്തികളുടെ ഇ-ദർഘാസ് ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വാട്ട് ചെയ്ത

കരാറുകാരന് സെലക്ഷൻ നോട്ടീസ് അയയ്ക്കുകയും ചെയ്തു. ജി.എസ്.ടി.-യിൽ തീരുമാനമാകാത്തതിനാൽ കരാറുകാരൻ എഗ്രിമെന്റ് വയ്ക്കാൻ തയ്യാറായില്ല. ടെണ്ടർ ഒഴിവാക്കാനുള്ള നടപടിക്രമങ്ങൾ എടുക്കേണ്ടിവന്നതുകൊണ്ടും കെ.എച്ച്.ആർ.ഡബ്ല്യു.എസ്. അക്കൗണ്ടിൽ നിക്ഷേപിച്ച നിരതദ്രവ്യം തിരിച്ചുകിട്ടുന്നതിന് വക്കീൽ നോട്ടീസ് അയച്ച് പ്രവൃത്തി റീ-ടെണ്ടർ ചെയ്യേണ്ടി വന്നതിനാലും കാലതാമസമുണ്ടായി. ഡയാലിസിസ് യൂണിറ്റിന്റെ പ്രവൃത്തി 2018 ജൂലൈ മാസം 15-ാം തീയതിയോടുകൂടി പൂർത്തിയാക്കുന്നതാണ്.

(13) റോഡ് നവീകരണവും ഫ്ളൈ ഓവർ നിർമ്മാണവും

ശ്രീ. വി. എസ്. ശിവകുമാർ: കിള്ളിപ്പാലം-അട്ടക്കുളങ്ങര റോഡിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും വഴുതക്കാട് മുതൽ തൈക്കാട് ഫ്ളൈ ഓവർ വരെയുള്ള ഭാഗത്തെ കച്ചവടക്കാരെ ഒഴിപ്പിക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകി റോഡ് വികസിപ്പിക്കുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കിള്ളിപ്പാലം മുതൽ അട്ടക്കുളങ്ങര വരെയുള്ള നാലുവരിപ്പാതയുടെ വികസന പ്രവൃത്തിക്കും നവീകരണത്തിനുമായി 6 കോടി 4 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കി ഭരണാനുമതിക്കായി നൽകിയിരുന്നു. ചീഫ് ടെക്നിക്കൽ എക്സാമിനറുടെ നിർദ്ദേശപ്രകാരം എസ്റ്റിമേറ്റ് റീകാസ്റ്റ് ചെയ്യാനായി തിരിച്ചയച്ചിട്ടുണ്ട്. വിശദമായ

എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനുള്ള നടപടിക്രമങ്ങൾ റോഡ് വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ പുരോഗമിച്ചുവരികയാണ്. വഴുതക്കാട് മുതൽ തൈക്കാട് ഫ്ളൈ ഓവർ വരെയുള്ള റോഡ് നാലുവരിപ്പാതയായി വികസിപ്പിക്കുന്നതിന് ഭൂമി ഏറ്റെടുക്കൽ പ്രവൃത്തി ട്രിഡയുടെ നേതൃത്വത്തിൽ നടന്നുവരുന്നു. 90 ശതമാനം ഭൂമി ഏറ്റെടുത്തുകഴിഞ്ഞിട്ടുണ്ട്. റീഹാബിലിറ്റേഷൻ നടപടികൾക്കുശേഷം മാത്രമേ കച്ചവടക്കാരെ പൂർണ്ണമായും ഒഴിപ്പിക്കാൻ സാധിക്കുകയുള്ളൂ. പ്രസ്തുത ഭൂമി ഏറ്റെടുത്ത് റോഡ് നാലുവരിപ്പാതയാക്കുന്നതിനുള്ള എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന്റെ പ്രാഥമിക നടപടി ആരംഭിച്ചിട്ടുണ്ട്.

(14) <u>ദക്ഷിണ റെയിൽവേയുടെ സമയക്രമീകരണം</u>

<u>ശ്രീ. എം. നൗഷാദ്</u>: തിരുവനന്തപുരം-പാലക്കാട് റെയിൽവേ ഡിവിഷനുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന അശാസ്ത്രീയമായ സമയക്രമീകരണ പരിഷ്കരണംമൂലം യാത്രക്കാർക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി <u>(ശ്രീ. ജി. സുധാകരൻ)</u>: പാലക്കാട്-തിരുവനന്തപുരം ഡിവിഷനുകളിലെ 87 ട്രെയിനുകളുടെ യാത്രാസമയം ദീർഘിപ്പിച്ചത് യാത്രക്കാരെ വളരെയധികം ബുദ്ധിമുട്ടിലാക്കിയിരിക്കുകയാണ്. സമയക്ലിപ്തത പാലിക്കാതെ ട്രെയിനുകൾ വൈകിയോടുന്ന പ്രവണത ഗുരുതരമായ

പ്രശ്നം സൃഷ്ടിക്കുന്നുണ്ട്. ട്രെയിനുകളുടെ വേഗത വർദ്ധിപ്പിച്ച് യാത്രാസമയം കുറയ്ക്കുമെന്ന കേന്ദ്ര റെയിൽവേ വകുപ്പുമന്ത്രിയുടെ പരസ്യ പ്രസ്താവനയ്ക്ക് കടകവിരുദ്ധമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇന്ത്യയിൽ കുത്തഴിഞ്ഞ ഒരു വകുപ്പായി റെയിൽവേ മാറിയിരിക്കുന്നതിൽ പ്രതിഷേധിച്ച് മുഖ്യമന്ത്രി പ്രധാനമന്ത്രിക്കും കേന്ദ്ര മന്ത്രിക്കും സന്ദേശങ്ങൾ അയയ്ക്കുകയും തുടർനടപടി സ്വീകരിച്ചുവരികയുമാണ്.

(15) ദേശീയപാതാ വികസനത്തിലെ അലൈൻമെന്റ്

ശ്രീ. കെ. എം. ഷാജി: ദേശീയപാതാ വികസനത്തിന്റെ ഭാഗമായുള്ള അശാസ്ത്രീയമായ അലൈൻമെന്റ് പുനഃപരിശോധിക്കുന്നതിനും കുടിയൊഴിപ്പിക്കൽ തീരുമാനം പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കണ്ണൂർ ജില്ലയിലെ ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിൽ പാപ്പിനിശ്ശേരി വില്ലേജിലെ ഏതാനും പ്രദേശങ്ങളും തുരുത്തി പട്ടികജാതി കോളനിയും ഉൾപ്പെടുന്ന രീതിയിൽ വ്യതിചലിച്ചാണ് അലൈൻമെന്റ് വന്നിരിക്കുന്നത്. സമീപത്തെ ആൾ താമസമില്ലാത്ത ചതുപ്പുനിലം ഉൾപ്പെടുന്ന രീതിയിൽ അലൈൻമെന്റ് മാറുന്നപക്ഷം കോളനിയെ സംരക്ഷിക്കാൻ സാധിക്കുന്നതാണ്. ദേശീയപാതാ വികസനവുമായി ബന്ധപ്പെട്ട് 15.59 ഹെക്ടർ

ഭൂമിയാണ് ഏറ്റെടുക്കേണ്ടതായിട്ടുള്ളത്. ദേശീയപാതാ സ്റ്റാന്റേർഡിന് തടസ്സമില്ലാത്ത തരത്തിൽ ഡിസൈൻ ചെയ്യാൻ സാധിക്കുമെങ്കിൽ ആയത് സാധ്യമാക്കണമെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്.

(16) റോഡ് നവീകരണം

ശ്രീ. പി. ടി. തോമസ്: എറണാകുളം ജില്ലയിലെ സീ-പോർട്ട്-എയർപോർട്ട് റോഡിന്റെ ഇരുമ്പനം മുതൽ എയർപോർട്ട് വരെയുള്ള ഭാഗം വീതി കൂട്ടി ഗതാഗതയോഗ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സീ-പോർട്ട്-എയർപോർട്ട് റോഡിന്റെ 11.3 കിലോ മീറ്റർ വരുന്ന ഇരുമ്പനം-കളമശ്ശേരി എച്ച്.എം.ടി. റോഡും കളമശ്ശേരി എച്ച്.എം.ടി.-നെടുമ്പാശ്ശേരി എയർപോർട്ട് വരെയുള്ള 14.4 കിലോ മീറ്റർ റോഡും, ഇരുമ്പനം-തൃപ്പൂണിത്തുറ എൻ.എച്ച്. ബൈപ്പാസ് 5 കിലോമീറ്റർ റോഡും 3 ഘട്ടങ്ങളിലായി നടപ്പാക്കാനാണ് വിഭാവനം ചെയ്തിരുന്നത്. ഭാരതമാതാ കോളേജ് മുതൽ കളക്ടറേറ്റ് ജംങ്ഷൻ വരെ നാലുവരിപ്പാതയാക്കുന്നതിനുള്ള 28.5 കോടി രൂപയുടെ പ്രൊപ്പോസൽ ആർ.ബി.ഡി.സി.-ക്ക് 2016-ൽ സമർപ്പിച്ചെങ്കിലും അനുമതി ലഭിച്ചിരുന്നില്ല. ജനുവരി 2018-ൽ ഭാരതമാതാ കോളേജ് മുതൽ ഇരുമ്പനം വരെയുള്ള 8.9 കിലോമീറ്റർ ദൂരം നാലുവരിയാക്കി വികസിപ്പിക്കുന്നതിനുള്ള പുതിയ പ്രൊപ്പോസൽ

സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കളമശ്ശേരി എച്ച്.എം.ടി. റോഡ് മുതൽ എൻ.എ.ഡി. വരെയുള്ള 2.7 കിലോമീറ്റർ റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതിന് ഭൂമി ഏറ്റെടുക്കേണ്ടതായുണ്ട്. എച്ച്.എം.ടി.-യുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി റവന്യൂ വകുപ്പിലും എൻ.എ.ഡി.-യുടെ ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ കേന്ദ്ര പ്രതിരോധ മന്ത്രാലയത്തിലും നടന്നുവരികയാണ്. കിഫ്ബിയിൽനിന്നും 450 കോടി രൂപയുടെ അംഗീകാരം ലഭിച്ച എൻ.എ.ഡി. മുതൽ മഹിളാലയം വരെയുള്ള 6.5 കിലോമീറ്റർ റോഡിന് അനുമതിപത്രം ലഭിക്കുന്ന മുറയ്ക്ക് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. ചൊവ്വര മുതൽ എയർപോർട്ട് വരെയുള്ള 4.20 കിലോമീറ്റർ റോഡ് നിർമ്മാണത്തിനുള്ള 2 കോടി 10 ലക്ഷം രൂപയുടെ പ്രവർത്തനാനുമതി ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

(17) പാലം നിർമ്മാണം

ശ്രീ. ജി. എസ്. ജയലാൽ: ചാത്തന്നൂർ നിയോജകമണ്ഡലത്തിലെ ചാത്തന്നൂർ-ആദിച്ചനല്ലൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ചാത്തന്നൂർ-ആദിച്ചനല്ലൂർ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന പള്ളിക്കമണ്ണടി പാലം നിർമ്മിക്കുന്നതിന് 2009-ൽ പി.ഡബ്ല്യൂ.ഡി. ഉത്തരവ് പ്രകാരം 3.15 കോടി

രൂപയുടെ ഭരണാനുമതി നൽകുകയും സോയിൽ ഇൻവെസ്റ്റിഗേഷൻ, അലൈൻമെന്റ് സർവ്വേ എന്നിവ നടത്തുകയും ഡിസൈൻ തയ്യാറാക്കി അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തിരുന്നു. അലൈൻമെന്റ്, ഡീമാർക്കേഷൻ സ്കെച്ചുകൾ 2012-ൽ കൊല്ലം എൽ.എ. സ്പെഷ്യൽ തഹസീൽദാറിന് കൈമാറിയിരുന്നെങ്കിലും ഭൂ ഉടമകൾ ഭൂമി വിട്ട് നൽകാൻ തയ്യാറാകാത്തതിനാൽ നാളിതുവരെ ഭൂമി ഏറ്റെടുക്കൽ നടപടി ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കൊല്ലം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ 2018 ഫെബ്രുവരിയിൽ നടന്ന ചർച്ചയുടെ അടിസ്ഥാനത്തിൽ ഭൂമി ഏറ്റെടുക്കുന്നതിനുള്ള രേഖകൾ സമർപ്പിക്കുകയും പാലം നിർമ്മാണത്തിനുള്ള നടപടി സ്വീകരിച്ചുവരികയുമാണ്.

(18) <u>കെട്ടിടനിർമ്മാണത്തിലെ കാലതാമസം</u>

<u>ശ്രീ. സി. കെ. നാണു</u>: വടകര ജില്ലാ ആശുപത്രിയുടെ കെട്ടിടനിർമ്മാണവും വടകര-ഒഞ്ചിയം റോഡിന്റെ വികസനപ്രവർത്തനങ്ങളും സമയബന്ധിതമായി പൂർത്തിയാക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (<u>ശ്രീ. ജി. സുധാകരൻ</u>): വടകര ജില്ലാ ആശുപത്രി കെട്ടിടനിർമ്മാണത്തിന് 2010-ൽ 5 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും നൽകുകയും കേരള സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ പ്രവൃത്തി ഏറ്റെടുക്കുകയും ചെയ്തിരുന്നു. പ്രവൃത്തി

പൂർത്തീകരിക്കാത്തതിനാൽ കരാറുകാരെ ഒഴിവാക്കി. രണ്ടാം ഘട്ടമായി നബാർഡിൽ ഉൾപ്പെടുത്തി 13.70 കോടി രൂപയുടെ ഭരണാനുമതി നൽകിയെങ്കിലും ജി.എസ്.ടി. നടപ്പാക്കിയതിനാൽ പ്രസ്തുത പ്രവൃത്തിയിന്മേൽ കേസ് വരികയും ആയതിൽ കൂടുതൽ വ്യക്തത വേണമെന്ന കോടതി ആവശ്യത്തെത്തുടർന്ന് എ.ജി.-ക്ക് സമർപ്പിച്ചിരിക്കുകയുമാണ്. പദ്ധതിയുടെ ഏകോപനത്തിനായി കെട്ടിട വിഭാഗം അസിസ്റ്റന്റ് എഞ്ചിനീയറെ ചുമതലപ്പെടുത്തുകയും പ്രസ്തുത വിഷയത്തിൽ കോടതിയിൽനിന്ന് അന്തിമതീരുമാനം വരുന്നമുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതുമാണ്. 2017-ൽ 3 കോടി രൂപയുടെ ഭരണാനുമതിയും സാങ്കേതികാനുമതിയും ലഭിച്ച വടകര-ഒഞ്ചിയം റോഡ് ഉടൻ കമ്മീഷൻ ചെയ്യാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(19) റോഡുകൾ ഏറ്റെടുക്കൽ

ശ്രീ. വി. ടി. ബൽറാം: തൃത്താല നിയോജകമണ്ഡലത്തിലെ തകർന്ന ഗ്രാമീണറോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുത്ത് നവീകരിക്കുന്നതിന് നടപടിയുണ്ടാകണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ റോഡുകൾ പി.ഡബ്ല്യൂ.ഡി. ഏറ്റെടുക്കേണ്ടതില്ലെന്ന നയപരമായ തീരുമാനം സർക്കാർ കൈക്കൊണ്ടിട്ടുണ്ട്. മറ്റു

ഫണ്ടുകൾ വിനിയോഗിച്ച് തൃത്താല നിയോജകമണ്ഡലത്തിലെ ഗ്രാമീണ റോഡുകൾ നവീകരിക്കുന്ന കാര്യം ആലോചിക്കാവുന്നതാണ്.

(20) <u>പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്തൽ</u>

<u>ശ്രീ. അൻവർ സാദത്ത്</u>: കളിമൺപാത്ര നിർമ്മാണത്തെ പരമ്പരാഗത വ്യവസായങ്ങളിൽ ഉൾപ്പെടുത്തുന്നതിനും കുട്ടികൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനും കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി <u>(ശ്രീ. എ. സി. മൊയ്തീൻ)</u>: കളിമൺപാത്ര നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിന് സർക്കാർ ക്രിയാത്മക നടപടി സ്വീകരിച്ചുവരികയാണ്. കേരള സംസ്ഥാന കളിമൺപാത്ര നിർമ്മാണ വിപണന ക്ഷേമ വികസന കോർപ്പറേഷന്റെ പ്രവർത്തനം മെച്ചപ്പെടുത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മൺപാത്രനിർമ്മാണ യന്ത്രങ്ങൾ വാങ്ങുന്നതിന് ഗ്രാന്റ് അനുവദിക്കുന്നതിനും ഈ വിഭാഗത്തിലുള്ള വിദ്യാർത്ഥികൾക്ക് പട്ടികജാതി വിഭാഗക്കാർക്ക് സമാനമായ വിദ്യാഭ്യാസാനുകൂല്യങ്ങൾ അനുവദിക്കുന്നതിനും മൺപാത്ര തൊഴിൽ മേഖലയെ ക്ലസ്റ്റർ മാതൃകയിൽ വികസിപ്പിക്കുന്നതിനും കളിമണ്ണ് ലഭ്യമാക്കുന്നതിനും നടപടി

സ്വീകരിച്ചിട്ടുണ്ട്. കളിമൺപാത്ര നിർമ്മാണത്തെ പരമ്പരാഗത വ്യവസായത്തിൽ ഉൾപ്പെടുത്തുന്ന കാര്യം പ്രത്യേകം പരിശോധിക്കുന്നതാണ്.

(21) തസ്തിക സൃഷ്ടിക്കൽ

ശ്രീ. ആർ. രാജേഷ്: സർക്കാർ ഹൈസ്കൂളുകളിൽ ആവശ്യമായ ഇംഗ്ലീഷ് അദ്ധ്യാപകരുടെ തസ്തിക സൃഷ്ടിക്കുന്നതിന് നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടെ ഹൈസ്കൂൾ അസിസ്റ്റന്റ് (ഇംഗ്ലീഷ്) തസ്തിക സൃഷ്ടിക്കുകയും ഇംഗ്ലീഷ് കൂടി ഉൾപ്പെടുത്തി കോർ വിഷയങ്ങൾ പുനഃക്രമീകരിക്കുകയും സർക്കാർ ഉത്തരവ് പ്രകാരം കേരള വിദ്യാഭ്യാസ ചട്ടങ്ങളിൽ ഭേദഗതി വരുത്തുകയും ചെയ്തിട്ടുണ്ട്. ഇംഗ്ലീഷ് ഭാഷാപഠനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇംഗ്ലീഷ് ഭാഷ പഠിപ്പിക്കുന്ന മുഴുവൻ അദ്ധ്യാപകർക്കും മികച്ച പരിശീലനം നൽകുന്നുണ്ട്.

(22) സേവന വേതന വ്യവസ്ഥകൾ

ശ്രീ. കോവൂർ കുഞ്ഞുമോൻ: സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനം വെട്ടിക്കുറച്ച കേന്ദ്ര മാനവ വിഭവശേഷി വികസന മന്ത്രാലയത്തിന്റെ നിലപാട് തിരുത്തുന്നതിനും സ്പെഷ്യൽ അദ്ധ്യാപകരുടെ സേവനം കുട്ടികൾക്ക് ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സംസ്ഥാനത്ത് ഒന്ന് മുതൽ എട്ടുവരെയുള്ള ക്ലാസുകളിൽ 2016-17, 2017-18 അദ്ധ്യയന വർഷങ്ങളിൽ സർവ്വശിക്ഷാ അഭിയാൻ മുഖാന്തരം പ്രതിമാസം 29,000/- രൂപ ശമ്പള നിരക്കിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ നിയമിക്കാൻ കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം അംഗീകാരം നൽകിയിരുന്നു. 2018-19-ൽ എസ്.എസ്.എ., ആർ.എം.എസ്.എ. പദ്ധതികൾ സംയോജിപ്പിച്ച് സമഗ്ര ശിക്ഷാ അഭിയാൻ എന്ന ഒറ്റപദ്ധതിയായി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. 2018-19 അദ്ധ്യയന വർഷത്തിൽ സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ പാർട്ട് ടൈം അദ്ധ്യാപകരായി പരിഗണിച്ച് 7000 രൂപ പ്രതിമാസ ശമ്പളത്തിൽ നിയമിക്കണമെന്നാണ് കേന്ദ്ര മാനവ വിഭവശേഷി മന്ത്രാലയം നിർദ്ദേശം നൽകിയിരിക്കുന്നത്. സ്പെഷ്യലിസ്റ്റ് അദ്ധ്യാപകരെ ഫുൾടൈം അദ്ധ്യാപകരായി നിയമിക്കുന്നതിന് അധികതുക കണ്ടെത്തേണ്ടതിനാൽ ധനകാര്യ വകുപ്പുമായി ആലോചിച്ച് ഉചിതമായ തീരുമാനമെടുക്കുന്നതാണ്.

(23) വീടുകൾ നിർമ്മിച്ചുനൽകൽ

ശ്രീ. ഹൈബി ഈഡൻ: കമ്മട്ടിപ്പാടം നിവാസികൾക്ക് ലൈഫ് പദ്ധതിയുടെ ആദ്യഘട്ടത്തിൽപ്പെടുത്തി വീടുവച്ചുനൽകുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പി. ആന്റ് ടി. കോളനിയിലെ 87

കുടുംബങ്ങളെ ലൈഫ് മിഷൻ പദ്ധതിയിൽപ്പെടുത്തി പുനരധിവസിപ്പിക്കുന്നതിനായി രാമേശ്വരം വില്ലേജിൽ ജി.സി.ഡി.എ. ഉടമസ്ഥതയിലുള്ള 50 സെന്റ് സ്ഥലത്ത് ഭവന സമുച്ചയം നിർമ്മിക്കാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥല അനുയോജ്യത പരിശോധിച്ചുവരുന്നു. ഈ കോളനിയിലെ 74 കുടുംബങ്ങൾ ലൈഫ് മിഷന്റെ പട്ടികയിൽ ഉൾപ്പെട്ടവരാണ്. ഭവന സമുച്ചയങ്ങൾ നിർമ്മിക്കുന്ന മുറയ്ക്ക് ഭവനം അനുവദിച്ചുനൽകുന്നതാണ്. സ്ഥലം അനുയോജ്യമാണെന്ന് കണ്ടെത്തിക്കഴിഞ്ഞാൽ ഫ്ലാറ്റ് നിർമ്മാണം ആരംഭിക്കുന്നതാണ്.

## (24) കെട്ടിടങ്ങൾ പുതുക്കി പണിയൽ

ശ്രീ. ജോൺ ഫെർണാണ്ടസ് : എറണാകുളം ജില്ലയിലെ മട്ടാഞ്ചേരിയിൽ വഖഫ് ബോർഡിന് കീഴിലുള്ള കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ പൊളിച്ചുനീക്കി പുതിയവ പണിയുന്നതിനും താമസക്കാരുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നതിനും നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): മട്ടാഞ്ചേരിയിലെ കാലപ്പഴക്കംചെന്ന കെട്ടിടങ്ങൾ സ്വകാര്യ കുടുംബ ട്രസ്റ്റുകളുടെയോ ജമാഅത്തുകളുടെയോ കീഴിൽ ഉള്ളവയാണെന്നും അവയുടെ ചുമതലയും മേൽനോട്ടവും അതത് മാനേജ്മെന്റുകൾക്കാണെന്നും വഖഫ് ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ

റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പ്രസ്തുത കെട്ടിടങ്ങൾ പൊളിച്ച് പുതിയ കെട്ടിടങ്ങൾ പണിയുന്നതിന് ഭരണനിർവ്വഹണം നടത്തുന്നവർ വഖഫ് ബോർഡിനെ സമീപിക്കുന്നപക്ഷം നിയമപ്രകാരം നടപടി സ്വീകരിച്ച് അനുമതി നൽകുന്ന കാര്യം പരിഗണിക്കുന്നതാണ്.

(25) ത്രിതല പഞ്ചായത്ത് അംഗങ്ങൾക്ക് പെൻഷൻ

ശ്രീ. എൻ. വിജയൻ പിള്ള: തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ അംഗങ്ങൾക്ക് പെൻഷൻ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മുൻ അംഗങ്ങൾക്ക് പെൻഷൻ ആനുകൂല്യവും ക്ഷേമനിധിയും ഏർപ്പെടുത്തുന്നതിന് വിശദാംശങ്ങൾ ശേഖരിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്യാൻ പഞ്ചായത്ത് വകുപ്പ് അഡീഷണൽ ഡയറക്ടർ കൺവീനറായ ഉപസമിതിയുടെ 18-04-2018-ൽ ചേർന്ന യോഗത്തിൽ തീരുമാനിച്ചിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): നയപരമായ തീരുമാനമെടുത്തതിനുശേഷം മാത്രമേ ഇത്തരത്തിലൊരു നടപടിയുമായി മുന്നോട്ടുപോകേണ്ടതുള്ളൂ. ആയതിനാൽ ആരംഭിച്ച നടപടികൾ തന്നെ നിർത്തിവയ്ക്കേണ്ടതാണ്.

(26) <u>സെക്ഷൻ ഓഫീസ് സ്ഥാപിക്കൽ</u>

<u>ശ്രീ. റ്റി. വി. രാജേഷ്</u>: കണ്ണൂർ ജില്ലയിലെ പിലാത്തറ കേന്ദ്രമാക്കി വൈദ്യുതി സെക്ഷൻ ഓഫീസ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതി വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>): കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠപുരം സർക്കിളിന്റെ പരിധിയിലുള്ള പഴയങ്ങാടി, മാതമംഗലം, പയ്യന്നൂർ, പരിയാരം ഡിവിഷനുകൾ വിഭജിച്ച് പിലാത്തറ കേന്ദ്രമാക്കി പുതിയ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നു. പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി വേണ്ടിവരുമെന്നതിനാലും പുതിയ തസ്തികകൾ അനുവദിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾ പ്രയോജനപ്പെടുത്തി സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുന:ക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

## VI മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, 2 (ചട്ടം 47(2) അനുസരിച്ചുള്ളത്)

പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## VII റിപ്പോർട്ട് സമർപ്പണം

1. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി III-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കപ്പെട്ടു.
2. പൊതുമേഖലാ സ്ഥാപനങ്ങളെ സംബന്ധിച്ച സമിതിയുടെ അറുപത്തിയെട്ട് മുതൽ എഴുപത്തിരണ്ട് വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## റൂളിംഗ്

### സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സ്വതന്ത്ര്യാധികാരം കവർന്നെടുക്കൽ

മി. സ്പീക്കർ: 20-06-2018-ന് ശ്രീ. വി. ഡി. സതീശൻ സഭയിൽ ഉന്നയിച്ച വിഷയവും അതുസംബന്ധിച്ച് ധനകാര്യ വകുപ്പുമന്ത്രി നൽകിയ വിശദീകരണവും നിയമസഭാ സെക്രട്ടേറിയറ്റിൽ ലഭ്യമായ ബന്ധപ്പെട്ട ഫയൽ രേഖകളുടെയും മറ്റ് അടിസ്ഥാന പ്രമാണങ്ങളുടെയും അടിസ്ഥാനത്തിൽ ചെയർ വിശദമായി പരിശോധിക്കുകയുണ്ടായി. സഭാനടപടികളുടെ കാര്യത്തിലെന്നപോലെ നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനവും വ്യക്തമായ നിയമ

വ്യവസ്ഥകളുടെയും ചട്ടങ്ങളുടെയും നടപടിക്രമങ്ങളുടെയും അടിസ്ഥാനത്തിലാണ് ക്രമീകരിക്കപ്പെട്ടിരിക്കുന്നത്. എക്സിക്യൂട്ടീവിൽനിന്നും വിഭിന്നമായി സ്പീക്കറുടെ സമ്പൂർണ്ണ നിയന്ത്രണത്തിലുള്ളതും ഏറെക്കുറെ സ്വതന്ത്രമായതുമായ ഒരു ഭരണക്രമമാണ് നിയമസഭാ സെക്രട്ടേറിയറ്റിനായി ഭരണഘടന വിഭാവനം ചെയ്തിട്ടുള്ളത്. സംസ്ഥാനങ്ങളിലെ നിയമനിർമ്മാണ സഭകളുടെ നിഷ്പക്ഷവും സ്വതന്ത്രവുമായ പ്രവർത്തനത്തിന് ഒരു പ്രത്യേക സെക്രട്ടേറിയറ്റ് ഉണ്ടാകേണ്ടത് ഇന്ത്യൻ ജനാധിപത്യത്തിൽ അനിവാര്യമാണെന്നുള്ള ഭരണഘടനാ നിർമ്മാതാക്കളുടെ ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിലാണ് 187-ാം അനുച്ഛേദമായി ഭരണഘടനയിൽ സംസ്ഥാന നിയമനിർമ്മാണ സഭകൾക്കായി പ്രത്യേക സെക്രട്ടേറിയറ്റിനുള്ള വ്യവസ്ഥ ഉൾച്ചേർത്തത്. നിയമസഭയുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥന യാതൊരുവിധ ചർച്ചയും കൂടാതെ ഐകകണ്ഠേനയാണ് ഈ സഭ പാസ്സാക്കിവരുന്നത്. മാത്രവുമല്ല, നിയമസഭയുടെയും അതിന്റെ സെക്രട്ടേറിയറ്റിന്റെയും പ്രവർത്തന സ്വാതന്ത്ര്യം ഉറപ്പാക്കുന്നതിനാവശ്യമായ വാർഷിക ബഡ്ജറ്റ് വിഹിതവും മറ്റ് അനുബന്ധ കാര്യങ്ങളും ഉറപ്പാക്കുന്ന കാര്യത്തിൽ ധനകാര്യ വകുപ്പ് അങ്ങേയറ്റത്തെ ജാഗ്രതയാണ് പുലർത്തിവരുന്നത്. നിയമസഭയുടെയും വിവിധ കമ്മിറ്റികളുടെയും പ്രവർത്തനവുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്ന കാര്യത്തിൽ ഇതര സർക്കാർ വകുപ്പുകളും

അർദ്ധ സർക്കാർ സ്ഥാപനങ്ങളും അങ്ങേയറ്റത്തെ സൗമനസ്യവും സഹകരണവുമാണ് പ്രകടിപ്പിച്ചുവരുന്നത്. ഇത്തരത്തിൽ ആരോഗ്യകരമായ എക്സിക്യൂട്ടീവ് - ലെജിസ്ലേച്ചർ ബന്ധം നിലനിൽക്കുന്നതുമൂലം നിയമസഭയുടെ അന്തസ്സ് ഉയരുകയും നിയമസഭാ സെക്രട്ടേറിയറ്റിന്റെ പ്രവർത്തനമികവ് വർദ്ധിക്കുകയും ചെയ്തിട്ടുണ്ടെന്നത് അഭിമാനാർഹമാണ്. എന്നിരുന്നാലും ശ്രീ. വി. ഡി. സതീശന്റെ ആരോപണം ശരിവയ്ക്കുന്ന ചില സന്ദർഭങ്ങൾ ഇതിനുമുമ്പുതന്നെ ചെയറിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. നിയമസഭയുടെ പ്രത്യേക അധികാര അവകാശങ്ങൾ സംരക്ഷിച്ചുകൊണ്ട് സമവായത്തിലൂടെ ഇക്കാര്യങ്ങൾ നിർവ്വഹിക്കണമെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന യോഗം തീരുമാനിച്ചിരുന്നു. സമ്പൂർണ്ണമായും സ്പീക്കറുടെ അധികാരപരിധിയിൽ വരുന്ന വിഷയങ്ങളിലും നിയമസഭയിൽനിന്നും തുടർനടപടികൾക്കായി അയയ്ക്കുന്ന ഫയലുകളിലും ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ അനാവശ്യ പരാമർശങ്ങൾ നടത്തുന്നത് ഒട്ടുംതന്നെ ആശാസ്യമായ കാര്യമല്ലെന്ന് അസന്നിഗ്ദ്ധമായി അറിയിക്കുന്നു. ഇതുസംബന്ധിച്ച് ചെയറിന്റെ ശ്രദ്ധയിൽപ്പെട്ട ഫയലുകളിലൊന്നിൽ ഏത് ചട്ടത്തിലെ ഏത് വ്യവസ്ഥയുടെ അഥവാ ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് അപ്രകാരമൊരു ഡയറക്ഷൻ നൽകുന്നതെന്ന് പരാമർശിച്ചിട്ടില്ലെന്നുമാത്രമല്ല മേൽപ്പറഞ്ഞ തരത്തിൽ പരാമർശം നടത്തിയ ഉദ്യോഗസ്ഥ/ഉദ്യോഗസ്ഥൻ തന്റെ

പേരും ഔദ്യോഗിക പദവിയും രേഖപ്പെടുത്തിയിട്ടുമില്ല. ഫയലുകൾ പ്രോസസ്സ് ചെയ്യുമ്പോൾ പാലിക്കേണ്ട അംഗീകൃത ഓഫീസ് നടപടിക്രമത്തിന്റെ കടുത്ത ലംഘനം കൂടിയാണ് ഈ നടപടി. നിയമസഭാ സെക്രട്ടേറിയറ്റിൽനിന്നുള്ള ഫയലുകൾ എത്ര ലാഘവത്തോടും നിരുത്തരവാദത്തോടും കൂടിയാണ് ധനകാര്യ വകുപ്പിലെ ചില ഉദ്യോഗസ്ഥർ കൈകാര്യം ചെയ്യുന്നത് എന്നതിന്റെ ഉത്തമ ഉദാഹരണമായി ഈ നടപടിയെ കാണാവുന്നതാണ്. ഇതിനുമുമ്പ് സ്പീക്കറുടെയും നിയമസഭാ സെക്രട്ടേറിയറ്റിന്റെയും സാമ്പത്തികാധികാരത്തെ നിയന്ത്രിച്ചുകൊണ്ട് ധനകാര്യ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ച കാര്യവും അതുസംബന്ധിച്ച് പത്താം കേരള നിയമസഭയുടെ കാലത്ത് 1996 നവംബർ 13-ാം തീയതി സഭാതലത്തിൽ ഉയർന്നുവന്ന പൊതുവികാരത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പുമന്ത്രി അന്നുതന്നെ പ്രസ്തുത ഉത്തരവ് പിൻവലിച്ച് സഭയിൽ മാപ്പുപറഞ്ഞ സംഭവവും ശ്രീ. വി. ഡി. സതീശൻ ഇവിടെ ചൂണ്ടിക്കാണിക്കുകയുണ്ടായി. നീണ്ടകാലങ്ങൾക്കുശേഷം അത്തരത്തിലുള്ള ദുഷ്പ്രവണതകൾ ധനകാര്യ വകുപ്പിലെ ചില ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്നും വീണ്ടും ഉണ്ടാകുന്നതായി കാണുന്നതിൽ ചെയറിനുള്ള കടുത്ത ആശങ്ക രേഖപ്പെടുത്തുന്നു. ഇക്കാര്യം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്ന ശ്രീ. വി. ഡി. സതീശൻ സഭയുടെ അനുമോദനം അർഹിക്കുന്നു. പാർലമെന്റിനും മറ്റ് സംസ്ഥാന നിയമസഭകൾക്കും മാതൃകയാകുന്ന തരത്തിൽ

ഒട്ടേറെ വിപ്ലവകരമായ മാറ്റങ്ങൾക്ക് വേദിയായിട്ടുള്ള നമ്മുടെ മഹത്തായ സഭയ്ക്ക് അത്തരം നേട്ടങ്ങൾ സ്വായത്തമാക്കുവാൻ കഴിഞ്ഞത് മാറിമാറിവന്ന സർക്കാരുകൾ അതതു സമയം സഹിഷ്ണുതയോടും സൗഹാർദ്ദപൂർവ്വവും പുലർത്തിയ സഹകരണ മനോഭാവവും തുറന്ന മനസ്സോടെ നൽകിയ പ്രവർത്തന സ്വാതന്ത്ര്യവും കൊണ്ടുമാത്രമാണ്. ഭരണഘടനാ തത്വങ്ങൾക്ക് അനുസൃതമായും പ്രത്യയശാസ്ത്രങ്ങൾക്കതീതമായുമുള്ള സഹവർത്തിത്വം തകർക്കുന്ന തരത്തിൽ ഉയർന്നുവരുന്ന ദുഷ്പ്രവണതകൾ അവസാനിപ്പിക്കാൻ നടപടി സ്വീകരിക്കണമെന്നും ഇക്കാര്യത്തിൽ കൂടുതൽ ജാഗ്രതയുണ്ടാകണമെന്നും ചെയർ ബന്ധപ്പെട്ടവരെ ഓർമ്മപ്പെടുത്തുന്നു.

## VIII ക്രമപ്രശ്നം

ഓർഡിനൻസുകൾ നിയമമാക്കുന്നതിലെ കാലതാമസം

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്ന അത്യന്തം ഗുരുതരമായ സ്ഥിതിവിശേഷമാണ് നിലനിൽക്കുന്നത്. ഈ സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെ 60 ഓർഡിനൻസുകൾ പുറപ്പെടുവിക്കുകയും 31 എണ്ണം പുനർ വിളംബരം നടത്തുകയും ശേഷിക്കുന്ന 17 ഓർഡിനൻസുകൾ വീണ്ടും പുനർ വിളംബരം ചെയ്യേണ്ടതായും വരുന്ന സ്ഥിതിവിശേഷമാണുള്ളത്. വിദ്യാഭ്യാസം, റവന്യൂ, തദ്ദേശസ്വയം ഭരണ

വകുപ്പുകൾ ഓർഡിനൻസിന് പകരമുള്ള ബില്ലുകൾ നിയമസഭയിൽ കൊണ്ടുവരുന്നതിനുപകരം ഓർഡിനൻസുകൾ വീണ്ടും വീണ്ടും വിളംബരം നടത്തുന്നു. കൃത്യമായി അപ്ഡേറ്റ് ചെയ്യുന്ന നിയമസഭയുടെ വെബ്സൈറ്റിൽ ഓർഡിനൻസുകളെ സംബന്ധിച്ച വിശദാംശം ലഭ്യമാക്കിയിട്ടില്ല. XIV-ാം കേരള നിയമസഭ 10 ധനവിനിയോഗ ബില്ലുകൾ ഉൾപ്പെടെ 46 ബില്ലുകൾ പാസ്സാക്കിയെങ്കിലും ഓർഡിനൻസുകൾ യഥാസമയം നിയമമാക്കാൻ വകുപ്പുകൾ അനാസ്ഥ കാണിക്കുന്നു. ഇതുസംബന്ധിച്ച് വിവിധ റൂളിംഗുകൾ നിലനിൽക്കുന്നു. ഈ സമ്മേളനത്തിൽ 14 ഓർഡിനൻസുകൾ മാത്രമാണ് നിയമമാക്കാൻ സാധിച്ചത്. ഏതെങ്കിലും നിയമം സംബന്ധിച്ച് ഓർഡിനൻസ് പ്രസിദ്ധീകരിക്കുന്ന സാഹചര്യങ്ങളിൽ ഓർഡിനൻസ് റീ-പ്ലേയ്സ് ചെയ്തുകൊണ്ട് സഭയുടെ അടുത്ത സമ്മേളനത്തിൽ ബില്ലുകൾ കൊണ്ടുവരാൻ ബന്ധപ്പെട്ട വകുപ്പുകൾ ജാഗ്രത കാണിക്കണം. സഭയ്ക്കുമുന്നിൽ 120 ബില്ലുകൾ നിയമനിർമ്മാണം നടത്താൻ പ്രസിദ്ധീകരിച്ചിട്ടുള്ള സാഹചര്യത്തിലും എല്ലാ ഓർഡിനൻസുകൾക്കും പകരം ബിൽ കൊണ്ടുവന്ന് പാസ്സാക്കാതിരിക്കുന്ന സാഹചര്യത്തിലും സഭാനടപടികൾ അവസാനിപ്പിക്കേണ്ടി വരുന്നത് ഖേദകരമാണ്. ഇക്കാര്യത്തിൽ റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): നിയമസഭയെ നോക്കുകുത്തിയാക്കി എക്സിക്യൂട്ടീവ് ഭരണം കയ്യാളുന്നുവെന്ന വാദം അടിസ്ഥാനരഹിതമാണ്. നിയമസഭ സമ്മേളിക്കാത്ത സമയത്ത് അടിയന്തര ഘട്ടത്തിൽ നിയമനിർമ്മാണം നടത്തേണ്ടി വരുന്ന സാഹചര്യത്തിലാണ് ഭരണഘടന ആർട്ടിക്കിൾ 213(1) പ്രകാരം ഓർഡിനൻസ് പുറപ്പെടുവിക്കുന്നത്. കാലാകാലങ്ങളിൽ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ പുറപ്പെടുവിക്കാറുണ്ട്. ഈ സർക്കാരിന്റെ ആദ്യത്തെ രണ്ട് വർഷത്തിനകം തന്നെ 46 ബില്ലുകൾ അവതരിപ്പിച്ച് പാസ്സാക്കിയിട്ടുണ്ട്. ഈ സമ്മേളനം പൂർത്തിയാകുമ്പോൾ 60 നിയമനിർമ്മാണങ്ങൾ പൂർത്തീകരിക്കുന്നു. സർക്കാർ പുറപ്പെടുവിച്ച 35 ഓർഡിനൻസുകളിൽ സഭാ സമ്മേളനത്തിനുമുമ്പ് 17 എണ്ണമൊഴികെ ബാക്കിയുള്ളവ നിയമനിർമ്മാണം പൂർത്തീകരിച്ചതാണ്. 31 ഓർഡിനൻസുകൾ പുനർ വിളംബരം നടത്തിയിട്ടില്ല. ആകെ 17 എണ്ണം മാത്രമാണ് സഭ ചേരുന്ന അവസരത്തിൽ നിലവിലുണ്ടായിരുന്നത്. നിയമനിർമ്മാണത്തിനായി 17 ബില്ലുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 3 ഓർഡിനൻസുകൾ മാത്രമാണ് നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളത്. പ്രസിദ്ധീകരിച്ച ബില്ലുകളിൽ 50-ഓളം ബില്ലുകൾ മാത്രമാണ് നിയമനിർമ്മാണം നടത്താൻ ബാക്കിയുള്ളത്.

**റൂളിംഗ്**

<u>മി. സ്പീക്കർ:</u> XIV-ാം കേരള നിയമസഭ നിലവിൽ വന്നശേഷം ആകെ 35 ഓർഡിനൻസുകളാണ് പുറപ്പെടുവിച്ചിട്ടുള്ളത്. അതിൽ 3 എണ്ണം ഒഴികെ 32 ഓർഡിനൻസുകളും ഇന്ന് സഭാ സമ്മേളനം അവസാനിക്കുന്നതോടെ നിയമമായി മാറും. ഇതൊരു അപൂർവ്വ നേട്ടമല്ലെങ്കിലും നിയമനിർമ്മാണ രംഗത്ത് നല്ലൊരു മാതൃകയാണ്. മാത്രമല്ല രാജ്യത്തെ നിയമസഭകളിൽ ചാമ്പ്യനാണ് കേരള നിയമസഭ എന്നുകൂടി അറിയിക്കുകയാണ്. സഭ ചേരുന്ന ദിവസങ്ങൾ, നിയമനിർമ്മാണ പ്രക്രിയയിൽ എടുക്കുന്ന കാലാവധി, ഇത്തരം കാര്യങ്ങളിലെല്ലാം മാതൃകാപരമായ സമീപനം സ്വീകരിക്കുന്നതിൽ വിജയിച്ചിരിക്കുന്നു. നിയമനിർമ്മാണത്തിനായി പ്രത്യേക സമ്മേളനം ചേർന്നുകൊണ്ട് പരമാവധി ഓർഡിനൻസുകളും നിയമമാക്കാനുള്ള പരിശ്രമമാണ് ഈ സമ്മേളനത്തിൽ നടത്തിയത്. ഇക്കാര്യത്തിൽ പ്രതിപക്ഷനേതാവും കക്ഷിനേതാക്കളും മന്ത്രിമാരും അംഗങ്ങളും അങ്ങേയറ്റത്തെ സഹകരണമാണ് നൽകിയിട്ടുള്ളതെങ്കിലും അവശേഷിക്കുന്ന പ്രസിദ്ധീകരിച്ചു കഴിഞ്ഞ ഓർഡിനൻസുകളും മറ്റു ബില്ലുകളും സമയബന്ധിതമായി പാസ്സാക്കി നിയമമാക്കാനുള്ള ശ്രമം ഇനിയും നടത്തേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല എന്ന് റൂൾ ചെയ്യുന്നു. ഓർഡിനൻസുകൾ സംബന്ധിച്ച് നിയമസഭാ വെബ്സൈറ്റിൽ

അപാകതകളുണ്ടെങ്കിൽ പരിഹരിക്കുന്നതാണ്.

## IX നിയമനിർമ്മാണകാര്യം

### സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും

(i) 2018-ലെ അബ്കാരി (ഭേദഗതി) ബിൽ

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. വി. ഡി. സതീശൻ: വിയോജിപ്പ് രേഖപ്പെടുത്തുന്നു. സംസ്ഥാന സർക്കാരിന്റെ മദ്യനയത്തെക്കുറിച്ച് പ്രതിഷേധവും ശക്തിയായ അമർഷവും മദ്യവ്യാപനത്തിന് സർക്കാർ ശ്രമിക്കുന്നതിൽ രോഷവുമുണ്ട്. സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തശേഷം വന്ന ബില്ലിൽ രണ്ട് ചെറിയ ഭേദഗതികളാണുള്ളത്. രണ്ട് ഭേദഗതികളും വളരെ വിശദമായി ചർച്ച ചെയ്യപ്പെടേണ്ടതല്ലാത്തതിനാൽ വിയോജിക്കുന്നു.

ശ്രീ. കെ. എസ്. ശബരീനാഥനുവേണ്ടി ശ്രീ. അനിൽ അക്കര: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ബാറിലെ തൊഴിലാളികളുടെ തൊഴിലവസരങ്ങൾ നഷ്ടപ്പെടുന്നു എന്നതിനു പകരം മദ്യപാനംമൂലം ജീവിതം നഷ്ടപ്പെട്ടവരുടെ ദുരിതങ്ങളാണ് ചർച്ച ചെയ്യപ്പെടേണ്ടത്. മദ്യത്തിന് ഇരയായ കുടുംബങ്ങളുടെ കണക്കും അവർ നിലവിൽ ജീവിക്കുന്നതെങ്ങനെയാണെന്നതിന്റെ വിവരവും ഇരകളെ തിരിച്ച് സമൂഹത്തിൽ കൊണ്ടുവരാനുള്ള പദ്ധതിയും തയ്യാറാക്കണം. മദ്യത്തിൽനിന്നും കിട്ടുന്ന വരുമാനം സമൂഹത്തിന്റെ വികസനത്തിനുവേണ്ടി ഉപയോഗിക്കുന്നുവെന്ന് പറയുമ്പോൾ മറുവശത്ത് പാവപ്പെട്ട കുടുംബങ്ങളെ ദോഷകരമായി ബാധിക്കുന്നുവെന്ന യാഥാർത്ഥ്യം അംഗീകരിക്കണം. മദ്യത്തിൽനിന്നും ലഭിക്കുന്ന വരുമാനം ഉപയോഗപ്പെടുത്തിക്കൊണ്ട് ഇരകളുടെ കുടുംബത്തിനും കുട്ടികളുടെ പഠനത്തിനും സഹായകമാകുന്ന പദ്ധതി തയ്യാറാക്കണം.

ശ്രീ. ജോൺ ഫെർണാണ്ടസ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കുറഞ്ഞ പ്രായം 21-ൽനിന്നും 23 ആയി ഉയർത്തുന്നതിനും

താരതമ്യേന ഹാനികരമല്ലാത്ത സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനുള്ള ശിക്ഷ ലഘൂകരിക്കുന്നതിനും കള്ള് വ്യവസായം സംരക്ഷിക്കുന്നതിനുമാണ് ഈ ഭേദഗതി ബിൽ ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. മദ്യനിരോധനം സംസ്ഥാനത്തെ ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ച സാഹചര്യത്തിലാണ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകുന്ന കാര്യത്തിൽ ദൂരപരിധി കുറച്ചത്. മദ്യനിരോധനം കഞ്ചാവ് അടക്കമുള്ള മയക്കുമരുന്നുകളുടെ ഉപയോഗം വർദ്ധിപ്പിക്കുന്നതിന് കാരണമായിട്ടുണ്ട്.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): മദ്യവർജ്ജനമാണ് സർക്കാരിന്റെ നയം. മദ്യ ഉപയോഗം കുറയ്ക്കുക എന്ന ലക്ഷ്യത്തോടുകൂടി 'വിമുക്തി' ബോധവത്കരണ പരിപാടി സംഘടിപ്പിച്ചുവരുന്നു. മദ്യം വാങ്ങുന്നതിനും ഉപയോഗിക്കുന്നതിനുമുള്ള കുറഞ്ഞ പ്രായം 21-ൽനിന്നും 23 ആയി ഉയർത്തുന്നതിനും താരതമ്യേന ഹാനികരമല്ലാത്ത സ്റ്റാർച്ച് മദ്യത്തിൽ കലർത്തുന്നതിനുള്ള ശിക്ഷ ലഘൂകരിക്കുന്നതിനും പരമ്പരാഗത വ്യവസായമായ കള്ള് വ്യവസായത്തെ സംരക്ഷിക്കുന്നതിനുമാണ് ഈ ബിൽ ലക്ഷ്യമിടുന്നത്. ഹോട്ടൽ വ്യവസായത്തെയും ടൂറിസം രംഗത്തെയും മദ്യനിരോധനം ദോഷകരമായി ബാധിച്ച സാഹചര്യത്തിലാണ് ഫൈവ് സ്റ്റാർ ഹോട്ടലുകൾക്ക് ബാർ ലൈസൻസ്

നൽകുന്നതിന് സർക്കാർ തീരുമാനിച്ചത്. ബിൽ പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ാം വകുപ്പ്

128, 146, 147 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

3-ാം വകുപ്പ്

160-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

173, 175, 182, 192, 209, 214, 216, 218, 229, 230 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

241, 246, 253 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

(ഭേദഗതിയില്ല.)

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

1-ാം വകുപ്പും പീഠികയും പേരും

114, 118, 123, 124, 126 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): 2018-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): പ്രമേയത്തെ പിന്താങ്ങുന്നു.

2018-ലെ അബ്കാരി (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം 22-നെതിരെ 52 വോട്ടുകളോടെ സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

(ii) 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട

സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

## X ക്രമപ്രശ്നം

ശ്രീ. വി. ടി. ബൽറാം: നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമവുമായി ബന്ധപ്പെട്ട് കോടതിയിൽ വ്യവഹാരങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ വേണ്ടത്ര അവധാനതയില്ലാതെയും കോടതി വിധി പരിശോധിക്കാതെയും ഭേദഗതി ചെയ്യുന്നത് ബില്ലിന്റെ ഉദ്ദേശ്യലക്ഷ്യത്തിനും അന്തസ്സത്തയ്ക്കും എതിരാണ്. പ്രസ്തുത ഓർഡിനൻസിന്റെ ഭരണഘടനാ വിരുദ്ധതയെ ഉൾക്കൊണ്ട് ഹൈക്കോടതി ഈ നിയമത്തിലെ സുപ്രധാനമായ വകുപ്പുകൾ സ്റ്റേ ചെയ്ത നടപടി നിയമപരമായി പരിശോധിച്ച് ഭേദഗതികൾ കൊണ്ടുവന്നില്ലെങ്കിൽ വ്യവഹാരങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഈ നിയമം ഇപ്പോൾ അവതരിപ്പിക്കുന്നത് ക്രമപ്രകാരമല്ല.

ശ്രീ. വി. ഡി. സതീശൻ: ഈ ബില്ലിലെ വകുപ്പ് 27(എ)(3) പ്രകാരം 2008-ന് മുമ്പ് നികത്തപ്പെട്ട സ്ഥലങ്ങൾ ക്രമവൽക്കരിക്കുന്നതിന് ന്യായവിലയുടെ അമ്പത് ശതമാനം ഫീസ് ഈടാക്കുന്നതിലൂടെ പീനൽ പ്രൊവിഷൻ

ഉൾപ്പെടുത്തിയിരിക്കുകയാണ് ചെയ്തിരിക്കുന്നത്. ഭരണഘടനാ വിരുദ്ധമായ പ്രസ്തുത വകുപ്പ് ഉൾപ്പെടുത്തുന്നതിന് സഭയ്ക്ക് അനുവാദമില്ല. യു.ഡി.എഫ്. സർക്കാർ കൊണ്ടുവന്ന ഭേദഗതി നീക്കം ചെയ്ത് സർക്കാർ മറ്റൊരു രൂപത്തിൽ വീണ്ടും അവതരിപ്പിച്ചിരിക്കുകയാണ്. ഈ ഭേദഗതി പാസ്സാക്കുന്നത് നിരവധി വ്യവഹാരങ്ങൾക്ക് കാരണമാകുമെന്നതിനാൽ ഇത് ക്രമപ്രകാരമല്ല.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങൾ പ്രകാരം ബില്ലിന്റെ അവതരണ വേളയിലാണ് ക്രമപ്രശ്നം ഉന്നയിക്കേണ്ടത്. എന്നാൽ പ്രസ്തുത വേളയിലും സബ്ജക്ട് കമ്മിറ്റി പരിഗണനാ വേളയിലും ആരും തടസ്സങ്ങൾ ഉന്നയിച്ചിരുന്നില്ല. വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി പ്രസ്തുത വകുപ്പിൽ വ്യക്തമാക്കിയിട്ടുള്ള ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്നതിനുള്ള അനുമതി അനുവദിക്കുന്നപക്ഷം നൽകേണ്ട ഫീസ് നിർണ്ണയിക്കുന്നതിനാണ് ഭേദഗതി ബില്ലിലെ 27 (എ) (3) വ്യവസ്ഥ ചെയ്യുന്നത്. പ്രസ്തുത വ്യവസ്ഥ നാളിതുവരെ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ശ്രീ. വി. ടി. ബൽറാം ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ഭേദഗതി ബില്ലിലെ 27 (എ) (3) വകുപ്പ് വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം സംബന്ധിച്ച അപേക്ഷ അനുവദിക്കുന്ന പക്ഷം

നിർണ്ണയിക്കപ്പെടാവുന്ന പ്രകാരമുള്ള ഫീസ് അപേക്ഷകൻ നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇത് ഫീസ് ചുമത്തുന്ന വ്യവസ്ഥ മാത്രമാണ്. കുറ്റം ചെയ്യുന്ന സമയത്ത് പ്രാബല്യത്തിലുണ്ടായിരുന്ന ഒരു നിയമത്തിന്റെ ലംഘനത്തിനൊഴികെ ആരെയും ശിക്ഷിക്കാൻ പാടുള്ളതല്ലെന്നാണ് ഭരണഘടനയുടെ 20-ാം അനുച്ഛേദത്തിൽ വ്യവസ്ഥ ചെയ്യുന്നത്. 10, 12, 13 വകുപ്പുകളുടെ ഭേദഗതികൾ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരല്ലാത്തതിനാൽ ശ്രീ. വി. ഡി. സതീശൻ ഉന്നയിച്ച ക്രമപ്രശ്നം നിലനിൽക്കുന്നതല്ല. ഡാറ്റാ ബാങ്കിൽ അപാകതയുണ്ടാകാതിരിക്കാനാണ് KSREC (Kerala State Remote Sensing and Environment Centre)-ന്റെ ഉപഗ്രഹചിത്രം കൂടി കൊണ്ടുവരാൻ നിർദ്ദേശിച്ചിട്ടുള്ളത്. നോട്ടിഫൈ ചെയ്യാത്ത ഭൂമിയെ സംബന്ധിച്ച് സർക്കാരിന് വ്യക്തമായ ധാരണയാണുള്ളത്.

**റൂളിംഗ്**

<u>മി. സ്പീക്കർ</u>: ചട്ടം 303 പ്രകാരം സഭയിൽ ഏത് സന്ദർഭത്തിലും അംഗങ്ങൾക്ക് കാര്യങ്ങൾ ഉന്നയിക്കാൻ അവകാശമുണ്ടെന്ന് നേരത്തെ റൂളിംഗ് നൽകിട്ടുള്ളതാണ്. ബില്ലിൽ പുതിയതായി കൂട്ടിച്ചേർക്കുന്ന സെക്ഷൻ 27 (എ)-യിൽ നിന്നും 3-ാം സബ് സെക്ഷനായി ചേർക്കുന്ന വ്യവസ്ഥ ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുള്ള സാഹചര്യത്തിൽ ബിൽ സഭ പാസ്സാക്കുന്നത് ക്രമപ്രകാരമല്ലെന്നാണ് ശ്രീ. വി. ടി. ബൽറാം ക്രമപ്രശ്നം ഉന്നയിച്ചിരിക്കുന്നത്. വ്യക്തമായ സ്റ്റേ ഹൈക്കോടതിയുടെ

ഭാഗത്തുനിന്നും ഉണ്ടായിട്ടില്ലെന്ന് ബന്ധപ്പെട്ട മന്ത്രി വിശദീകരിച്ചിട്ടുണ്ട്. ഹൈക്കോടതി സ്റ്റേ ലീഗൽ പ്രോസസ്സിന്റെ ഭാഗമായി വരുന്ന നടപടിക്രമം മാത്രമായതിനാൽ സഭയുടെ നിയമനിർമ്മാണ അധികാരത്തെ ബാധിക്കുന്നതല്ല. അപ്രകാരമൊരു സ്റ്റേ ഉണ്ടെങ്കിൽപ്പോലും നിയമനിർമ്മാണവുമായി മുന്നോട്ടുപോകുന്നതിൽ നിയമപരമായി തടസ്സങ്ങളില്ല. വകുപ്പുതിരിച്ചുള്ള പരിഗണനാവേളയിൽ ഇടപെടാനുള്ള അവസരം അംഗങ്ങൾക്ക് ലഭിക്കുന്നതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നില്ല. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) പീനൽ പ്രൊവിഷനാണെന്നും അതിന് മുൻകൂർ പ്രാബല്യം നൽകുന്നത് ഭരണഘടനാ തത്വങ്ങൾക്ക് എതിരാണെന്നും ബില്ലിലെ മറ്റ് വ്യവസ്ഥകൾ മുൻ ലെജിസ്ലേറ്റീവ് ഇന്റൻഷന് എതിരാണെന്നുമാണ് ശ്രീ. വി. ഡി. സതീശൻ ക്രമപ്രശ്നം ഉന്നയിച്ചത്. ലെജിസ്ലേറ്റീവ് ഇന്റൻഷൻ സംബന്ധിച്ച് അന്തിമ തീരുമാനമെടുക്കാൻ ചെയറിന് അധികാരമില്ല. അത് സർക്കാരാണ് തീരുമാനിക്കേണ്ടത്. നിയമത്തിൽ പുതിയതായി ചേർക്കുന്ന സെക്ഷൻ 27 (എ) (3) പീനൽ പ്രൊവിഷൻ അല്ലെന്ന് നിയമോപദേശം ലഭിച്ചിട്ടുള്ള സാഹചര്യത്തിൽ ഇവിടെ ഉന്നയിച്ച ആശങ്ക നിലനിൽക്കുന്നതല്ല. അത് ഫീസ് മാത്രമായി കണക്കാക്കാവുന്നതാണ്. എഴുതി നൽകിയിട്ടുള്ള ഭേദഗതികൾ സംബന്ധിച്ച് അന്തിമാഭിപ്രായം നടത്താൻ ചെയറിന് സാധിക്കാത്തതിനാൽ സർക്കാരിന്റെ നിലപാട് അംഗീകരിക്കണം.

<u>ശ്രീ. അടൂർ പ്രകാശ്</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ നെൽവയലുകളും തണ്ണീർത്തടങ്ങളും അനിയന്ത്രിതമായും വിവേചന രഹിതമായും നികത്തപ്പെടുന്നതും രൂപ പരിണാമം വരുത്തുന്നതും നിയന്ത്രിക്കുന്നതിനാണ് നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം കൊണ്ടുവന്നിട്ടുള്ളത്. ആർ.ഡി.ഒ.-യുടെ പദവിയിൽ താഴെയല്ലാത്ത റവന്യൂ ഉദ്യോഗസ്ഥരെയാണ് നിയമവിരുദ്ധമായ പ്രവർത്തികളിൽ നടപടി സ്വീകരിക്കാൻ വ്യവസ്ഥ ചെയ്തിരുന്നത്. ആയത് സങ്കീർണ്ണമായ പ്രശ്നങ്ങൾക്ക് വഴി വയ്ക്കുമെന്നതിനാലാണ് വില്ലേജ് ഓഫീസർ മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് അധികാരം നൽകിയത്. നാളിതുവരെ മൂലനിയമത്തിൽ മൂന്ന് ഭേദഗതികളാണ് വരുത്തിയിട്ടുള്ളത്. ഇപ്പോൾ കൊണ്ടുവന്നിരിക്കുന്നത് നാലാമത്തെ ഭേദഗതിയാണ്. മൂലനിയമത്തിലുള്ള 30 വകുപ്പുകളിൽ 14 വകുപ്പുകളിലും ഭേദഗതി വരുത്തുന്നതിനും ഉപവകുപ്പുകൾ കൂട്ടിച്ചേർക്കുന്നതിനുമാണ് ബിൽ കൊണ്ടുവന്നിരിക്കുന്നത്. ചില വകുപ്പുകൾ പൂർണ്ണമായി ഒഴിവാക്കിയിരിക്കുന്നത് കേരളത്തിലെ നെൽവയലുകളെയും തണ്ണീർത്തടങ്ങളെയും ഇല്ലാതാക്കുമെന്നുള്ളതുകൊണ്ട് ഈ ഭേദഗതികൾ പിൻവലിക്കണം. നെൽവയൽ വിസ്തൃതി കുറഞ്ഞുവരുന്ന സാഹചര്യത്തിൽ നെൽവയൽ തണ്ണീർത്തട നിയമത്തിന്റെ പ്രാധാന്യം വർദ്ധിച്ചുവരികയാണ്. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തെ ഇല്ലാതാക്കുന്ന

ഭേദഗതികളാണ് സർക്കാർ ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. മുപ്പത് വകുപ്പുകളുള്ള മൂലനിയമത്തിലെ പതിനാല് വകുപ്പുകളും ഭേദഗതി ചെയ്തുകൊണ്ടാണ് പുതിയ നിയമം അവതരിപ്പിച്ചിരിക്കുന്നത്. കേരള സംസ്ഥാനം കുത്തക മുതലാളിമാർക്ക് തീറെഴുതുന്ന നടപടിയാണ് ഈ നിയമത്തിലൂടെ സ്വീകരിച്ചിരിക്കുന്നത്. ബില്ലിലെ രണ്ടാം വകുപ്പിൽ നെൽവയൽ, തണ്ണീർത്തടം, കരഭൂമി എന്നിവയ്ക്കുപുറമെ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമി എന്നൊരു പദവി സൃഷ്ടിക്കാനിടയായ സാഹചര്യത്തെക്കുറിച്ച് വ്യക്തമാക്കണം. ആറ് മാസം കൊണ്ട് സംസ്ഥാനത്തെ മുഴുവൻ പഞ്ചായത്തുകളിലും ഡാറ്റാ ബാങ്ക് തയ്യാറാക്കി പ്രസിദ്ധീകരിക്കുമെന്നും നെൽവയൽ/തണ്ണീർത്തട സംരക്ഷണം ഉറപ്പാക്കുമെന്നുമുള്ള എൽ.ഡി.എഫ്. പ്രകടനപത്രികയിലെ വാഗ്ദാനം നടപ്പിലാക്കാൻപോലും തയ്യാറാകാതെ മൂലനിയമത്തിലെ വ്യവസ്ഥകളെ ദുർബ്ബലപ്പെടുത്തുന്ന വിധത്തിലുള്ള ഭേദഗതികൾ കൊണ്ടുവരുന്നതിലൂടെ സമീപഭാവിയിൽ നെൽവയലുകൾ യഥേഷ്ടം നികത്തുന്ന സാഹചര്യം സൃഷ്ടിക്കപ്പെടുമെന്ന കാര്യത്തിൽ തർക്കമില്ല. 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ നെൽവയൽ നികത്തുന്നത് സംബന്ധിച്ച് പ്രാദേശികതല നിരീക്ഷണ സമിതിയിൽ നിക്ഷിപ്തമായിരുന്ന അധികാരം ഒരു ഭേദഗതിയിലൂടെ ജില്ലാതല ഉദ്യോഗസ്ഥരിലേയ്ക്ക് പരിമിതപ്പെടുത്തിയിരിക്കുകയാണ്. 'പൊതു ആവശ്യങ്ങൾക്കായി' വയൽ

നികത്താനുള്ള അവകാശം പൂർണ്ണമായും സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമാക്കുന്ന നടപടിയാണ് ഭേദഗതി ബില്ലിലൂടെ സർക്കാർ കൊണ്ടുവന്നിരിക്കുന്നത്. പൊതു ആവശ്യങ്ങൾക്കെന്ന പേരിൽ യാതൊരു നിബന്ധനയും കൂടാതെ മുതലാളിമാർക്ക് നെൽവയലുകൾ പതിച്ചുനൽകാനും ഈ ആക്ടിലെ വ്യവസ്ഥകൾ ഒഴിവാക്കിക്കൊടുക്കാനുമാണ് തീരുമാനിച്ചിരിക്കുന്നത്. 2008-ലെ മൂലനിയമത്തിലെ പത്താം വകുപ്പ് പ്രകാരം പൊതുആവശ്യങ്ങൾക്കായി നെൽവയലോ തണ്ണീർത്തടമോ ഏറ്റെടുക്കുമ്പോൾ ചേർന്നുകിടക്കുന്ന 'നെൽക്കൃഷിക്കോ പ്രദേശത്തെ പരിസ്ഥിതി വ്യവസ്ഥയ്ക്കോ ദോഷകരമായി ബാധിക്കില്ലെന്ന് സർക്കാരിന് ബോധ്യപ്പെടാതെ അനുവദിക്കാവുന്നതല്ല' എന്നത് 'നെൽക്കൃഷിക്കോ അതിലേയ്ക്കുള്ള നീരൊഴുക്കിനെയോ ബാധിക്കില്ലെന്ന് അഭിപ്രായമുള്ളപക്ഷം' എന്നാക്കിയിരിക്കുന്നത് നിലവും തണ്ണീർത്തടങ്ങളും പൊതു ആവശ്യങ്ങൾക്കായി നികത്താൻ സർക്കാരിന് പൂർണ്ണ അധികാരം നൽകുകയെന്ന ഗൂഢലക്ഷ്യത്തോടെയാണ്. മൂലനിയമത്തെയാകെ അട്ടിമറിച്ചിരിക്കുന്ന ഒരു ബില്ലാണിത്. 13-ാം വകുപ്പിൽ തുക 'ഫണ്ടി'ലേയ്ക്ക് അടപ്പിക്കേണ്ടതാണെന്ന് പറയുന്നതിൽ 'ഫണ്ട്' ഏതാണെന്ന് വ്യക്തമാക്കണം. പരാതി സമർപ്പിക്കുന്നതിന് ഏർപ്പെടുത്തിയ ഫീസ് വർദ്ധന പൂർണ്ണമായും ഒഴിവാക്കണം. വകുപ്പിലെ 27 എ പ്രകാരം റവന്യൂ രേഖകളിൽ മാറ്റം വരുത്തുന്നതിന് ആർ.ഡി.ഒ.-ക്ക് അധികാരം

നൽകിയത് സുപ്രീംകോടതി വിധിക്ക് എതിരാണ്. ബേസിക് ടാക്സിൽ മാറ്റം വരുത്താൻ അധികാരികൾക്ക് അവകാശമില്ല. 1967-നുശേഷം കൃഷി ചെയ്തിരുന്ന നിലം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കാൻ ആർ.ഡി.ഒ.-യുടെ ഭൂവിനിയോഗ ഉത്തരവ് വേണമെന്നിരിക്കെ കെട്ടിടങ്ങളും ഫ്ലാറ്റുകളും നിർമ്മിച്ച് വ്യാപകമായി നിയമലംഘനം നടത്തിയിരിക്കുകയാണ്. പ്രസ്തുത ഭേദഗതിയിലൂടെ ഇത്തരം നിയമലംഘനങ്ങളെ സാധൂകരിക്കുന്ന നടപടി ദുഃഖകരമാണ്. 2008-ന് മുൻപ് കൃഷിചെയ്യാതെ കിടന്ന് രൂപാന്തരം പ്രാപിച്ച നെൽവയലുകളും തണ്ണീർത്തടങ്ങളും ഒറ്റത്തവണ ക്രമപ്പെടുത്തുന്നതിനും ഫെയർ വാല്യുവിന്റെ 25 ശതമാനം ഫീസ് ഈടാക്കിക്കൊണ്ട് അനുമതി നൽകാമെന്ന് വകുപ്പിലെ 3 എ-യിൽ മുൻ യു.ഡി.എഫ്. സർക്കാർ ഭേദഗതി കൊണ്ടുവന്നപ്പോൾ നിയമം അസാധുവാക്കപ്പെടുമെന്നാണ് അന്ന് ആക്ഷേപമുയർന്നത്. 2008-ന് മുൻപ് നികത്തിയ പുരയിടങ്ങൾ ക്രമവൽക്കരിക്കുന്നതിന് ഫീസ് ചുമത്താമെന്ന് 2010-11-ലെ എൽ.ഡി.എഫ്. സർക്കാർ പാസ്സാക്കിയ 3 എ ഭേദഗതി 2016-ൽ ബഡ്ജറ്റിലൂടെ പിൻവലിച്ചു. പ്രധാനപ്പെട്ട വകുപ്പുകളിലെല്ലാം മാറ്റം വരുത്തിയ പ്രസ്തുത ബില്ലിന്റെ അന്ത:സത്ത നഷ്ടപ്പെട്ടിരിക്കുകയാണ്. അതുകൊണ്ട് ബിൽ പിൻവലിക്കുകയോ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വിടുകയോ ചെയ്യണം.

<u>ശ്രീ. എം. ഉമ്മർ</u>: വിയോജിപ്പ് രേഖപ്പെടുത്തുന്നു. കേരളത്തിലെ

കർഷകരുടേയും പരിസ്ഥിതി സ്നേഹികളുടേയും പ്രതീക്ഷകൾക്ക് മങ്ങലേൽപ്പിക്കുന്ന ഭേദഗതിയാണ് ഈ ബില്ലിലൂടെ അവതരിപ്പിച്ചിരിക്കുന്നത്. നിയമത്തിന്റെ 30 വകുപ്പുകളിൽ പ്രധാനപ്പെട്ട 14 വകുപ്പുകളിലും ഭേദഗതി വരുത്തി നിയമം അട്ടിമറിക്കുന്നതിനുള്ള ശ്രമം നിർഭാഗ്യകരമാണ്. ഓർഡിനൻസ് കൊണ്ട് നേട്ടമുണ്ടാക്കാൻ സാധിച്ചിട്ടില്ല. പല സ്ഥലങ്ങളിലും നിലം നികത്തപ്പെടുന്നതിന് ഓർഡിനൻസ് കാരണമായിത്തീർന്നു. എന്തുദ്ദേശത്തോടെയാണ് ഓർഡിനൻസ് കൊണ്ടുവന്നതെന്ന് വ്യക്തമല്ല. നികത്തപ്പെട്ട ഭൂമിയേറ്റെടുത്ത് പൂർവ്വസ്ഥിതിയിലാക്കാൻ കഴിയുമോയെന്ന് വ്യക്തമാക്കണം. ഭൂമിയുടെ തരംതിരിവ് സംബന്ധിച്ച ഡാറ്റാ ബാങ്ക് രൂപീകരിക്കുമെന്ന് 2016-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചെങ്കിലും ഇതുവരെ പൂർത്തിയാക്കാൻ സാധിച്ചിട്ടില്ല. പ്രാദേശിക നിരീക്ഷണ സമിതികളെ നിഷ്ക്രിയമാക്കിയിരിക്കുകയാണ്. പാടശേഖര സമിതികളുടെ പ്രവർത്തനത്തിനായി നിശ്ചയിച്ചിരിക്കുന്ന തുക അപര്യാപ്തമാണ്. കൃഷിഭൂമി ഏറ്റെടുക്കുന്നതിൽ ഈസ്മെന്റ് ആക്ട് ബാധകമാക്കുന്നത് യഥാർത്ഥ ഉടമയുടെ അവകാശം ചോദ്യം ചെയ്യപ്പെടാൻ കാരണമാകും. പൊതുതാല്പര്യ ഹർജിക്ക് വിലക്കേർപ്പെടുത്തുന്ന നിർദ്ദേശം മൗലികാവകാശങ്ങളുടെ ലംഘനമാണ്. പൊതു ആവശ്യത്തിന് ഏറ്റെടുക്കുന്ന ഭൂമി പരിധിയില്ലാതെ നികത്താമെന്ന വ്യവസ്ഥ അപകടകരമാണ്. കൃഷി ചെയ്യാനുള്ള സാമൂഹികമായ ഉത്തരവാദിത്തം കർഷകന്

മാത്രമായി ചുരുക്കുന്നത് ശരിയല്ല. കൃഷിഭൂമി തരിശിടുന്നതിന് കാരണമായ വസ്തുതകൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനാണ് സർക്കാർ ശ്രമിക്കേണ്ടത്. നിയമം നടപ്പാക്കുന്നതോടൊപ്പം ലാഭകരമായി കൃഷി ചെയ്യുന്നതിനുവേണ്ട അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുന്നതിനുള്ള ശ്രമങ്ങൾ കൂടി കൃഷി വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണം. പാവപ്പെട്ട കർഷകരുടെ ഭൂമി ആവശ്യമെങ്കിൽ ഏറ്റെടുക്കാൻ സർക്കാർ തയ്യാറാകണം. കർഷകർക്ക് അവരുടെ ഭൂമി ക്രയവിക്രയം ചെയ്യാൻ കഴിയണം.

ശ്രീ. കെ. ആൻസലനുവേണ്ടി ശ്രീ. എ. എം. ആരിഫ്: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2008-ൽ നെൽവയൽ തണ്ണീർത്തട സംരക്ഷണ മൂലനിയമം പാസ്സാക്കാതിരിക്കാൻവേണ്ടി തടസ്സവാദങ്ങൾ ഉന്നയിച്ച ഇപ്പോഴത്തെ പ്രതിപക്ഷാംഗങ്ങൾ നിയമത്തിന്റെ സംരക്ഷകരായി മാറുന്നത് വിരോധാഭാസമാണ്. വസ്തുകൈമാറ്റം ചെയ്യപ്പെട്ടതും നികത്തപ്പെട്ടതുമായ ഭൂമിക്ക് ഫീസ് ഈടാക്കുന്നത് സംബന്ധിച്ച് ഗൗരവമായ പരിശോധന നടത്തണം. തരിശ് ഭൂമിയിൽ നെൽകൃഷിയും മറ്റു കൃഷികളും പ്രോത്സാഹിപ്പിച്ചും നെൽവയൽ നിയമം

സംരക്ഷിക്കുന്നതിനായി സർക്കാർ നടത്തുന്ന ഇടപെടലുകളും അഭിനന്ദനാർഹമാണ്. ഭക്ഷ്യസുരക്ഷാ നിയമം പാസ്സാക്കിയപ്പോൾ ഭക്ഷ്യ കമ്മി നേരിടുന്ന സംസ്ഥാനങ്ങൾക്ക് നേരത്തെ നൽകിക്കൊണ്ടിരുന്ന ഭക്ഷ്യധാന്യത്തിന്റെ വിഹിതം നിലനിർത്തുന്നതിന് അന്നത്തെ യു.ഡി.എഫ് സർക്കാർ ശ്രമിക്കാത്തത് അപലപനീയമാണ്. സംസ്ഥാനത്തിന്റെ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്താനായി നെൽകൃഷി പ്രോത്സാഹിപ്പിക്കണം. പൊതുആവശ്യങ്ങൾക്കായി നെൽവയൽ നികത്തുന്നതിന് ഉപയുക്തമായ വ്യവസ്ഥകൾ നെൽവയൽ-തണ്ണീർത്തട സംരക്ഷണ മൂലനിയമത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. മൂലനിയമത്തിലെ വ്യവസ്ഥകൾക്ക് ഉള്ളിൽനിന്നുകൊണ്ടുതന്നെയാണ് ഈ ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്.

<u>ശ്രീ. ചിറ്റയം ഗോപകുമാർ</u>: സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1957-ലെ കർഷക സമരങ്ങളുടെ ഭാഗമായാണ് കേരളത്തിലെ ആദ്യത്തെ ഗവൺമെന്റ് അധികാരത്തിൽ വന്നത്. കമ്മ്യൂണിസ്റ്റ് ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്ന സന്ദർഭങ്ങളിലെല്ലാം കർഷകരെയും കർഷകത്തൊഴിലാളികളെയും സംരക്ഷിക്കുന്ന സമീപനമാണ് സ്വീകരിച്ചിട്ടുള്ളത്.

നെല്ലും മറ്റ് വിളകളും ഉൽപ്പാദിപ്പിക്കുന്നതിനുപുറമെ ജലവും ജൈവവ്യവസ്ഥയും സംരക്ഷിക്കുന്നതിലും കാലാവസ്ഥ നിയന്ത്രിക്കുന്നതിലും വലിയ പങ്ക് വഹിക്കുന്ന നെൽവയലുകൾ മനുഷ്യന്റെയും ജീവജാലങ്ങളുടെയും നിലനിൽപ്പിന് അത്യന്താപേക്ഷിതമാണ്. നെൽവയലുകളിലെ ചെളിയെടുത്തുമാറ്റിയും നികത്തിയും കാർഷിക മേഖലയെ തകർത്തിരുന്ന സാഹചര്യത്തിലാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം പാസ്സാക്കിയത്. കർഷകർക്ക് ഉദ്യോഗസ്ഥരുടെ സഹായം ലഭ്യമാക്കാനായി കേരളത്തിലൊട്ടാകെ കൃഷിഭവനുകൾ സ്ഥാപിച്ചതും അവാർഡുകൾ ഏർപ്പെടുത്തിയതും കടാശ്വാസ കമ്മീഷൻ രൂപീകരിച്ചതും ഇൻഷ്വറൻസ് ഏർപ്പെടുത്തിയതും കൊയ്ത്ത് യന്ത്രം ലഭ്യമാക്കിയതും നെല്ലിന്റെ സംഭരണ വില വർദ്ധിപ്പിച്ചതും വിവിധ കാലഘട്ടങ്ങളിൽ വന്ന ഇടതുപക്ഷ ഗവൺമെന്റുകളാണ്. കൃഷിഭൂമിയുടെ അളവ് വർദ്ധിപ്പിക്കാനും ഈ ഗവൺമെന്റിന് സാധിച്ചിട്ടുണ്ട്. പൊതു ആവശ്യങ്ങൾക്കായി നിലം നികത്തുന്നതിന് പ്രാദേശികതല സമിതി സംസ്ഥാനതല സമിതിക്ക് റിപ്പോർട്ട് നൽകണമെന്ന ഭേദഗതിയിലൂടെ സർക്കാർ പദ്ധതികൾ സമയബന്ധിതമായി നടപ്പാക്കാൻ സാധിക്കുന്നതാണ്. 2008-ന് മുമ്പ് നികത്തപ്പെട്ട നിലങ്ങൾ ക്രമവൽക്കരിക്കുന്നതിന് അപേക്ഷകനിൽനിന്ന് ഫീസ് ഈടാക്കാൻ സ്ലാബ് സമ്പ്രദായം ഏർപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം. നെൽവയലുകൾ നികത്തുന്നത് ക്രിമിനൽ കുറ്റമായി

കണക്കാക്കി ശിക്ഷാ കാലാവധി മൂന്ന് വർഷമായി വർദ്ധിപ്പിക്കുന്നതിനും തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനും ഭേദഗതി വരുത്തിയത് സ്വാഗതാർഹമാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സംസ്ഥാനത്തെ നെൽവയലുകൾ അനിയന്ത്രിതമായി നികത്തപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനും സംരക്ഷിക്കപ്പെടുന്നതിനുംവേണ്ടിയാണ് 2008-ൽ എൽ.ഡി.എഫ്. സർക്കാർ ഈ നിയമം കൊണ്ടുവന്നത്. വയലുകൾ നികത്തുന്നതിനുവേണ്ടിയാണ് ഈ ഭേദഗതി കൊണ്ടുവന്നതെന്ന് തെറ്റിദ്ധരിപ്പിക്കാനുള്ള ബോധപൂർവ്വമായ ശ്രമമാണ് പ്രതിപക്ഷം നടത്തുന്നത്. കേരളത്തിലെ നെൽവയൽ നികത്താൻ ഈ നിയമ ഭേദഗതിയിലൂടെ സാധ്യമല്ല. മുൻ നിയമം ഹൈക്കോടതി റദ്ദ് ചെയ്തതിന്റെയടിസ്ഥാനത്തിലാണ് വകുപ്പ് 3 (എ) പിൻവലിക്കാൻ തീരുമാനിച്ചത്. 2015-16-ൽ സംസ്ഥാനത്ത് 1,96,000-ത്തോളം ഹെക്ടർ ഭൂമിയിലാണ് കൃഷി ചെയ്തിരുന്നത്. എന്നാൽ ഇപ്പോൾ 2,23,000 ഹെക്ടർ ഭൂമിയാണ് കൃഷിയോഗ്യമായിട്ടുള്ളത്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, കുടുംബശ്രീ സംവിധാനങ്ങൾ, പാടശേഖര സമിതികൾ എന്നിവ തരിശ് ഭൂമി ഉൾപ്പെടെ കൃഷിചെയ്യുന്നതിന് മുന്നോട്ടുവരികയും കൃഷിക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുന്നുണ്ട്. ഭൂഉടമയുടെ സമ്മതമില്ലാതെ തരിശ് ഭൂമി ഏറ്റെടുത്ത് കൃഷി ചെയ്യാനും നിലം നികത്തുന്നതിനുള്ള ശിക്ഷ രണ്ട് വർഷത്തിൽനിന്ന് മൂന്ന് വർഷമായി

വർദ്ധിപ്പിക്കാനും ബില്ലിൽ വ്യവസ്ഥ ചെയ്യുന്നുണ്ട്. നെൽകൃഷിക്ക് ഉപയുക്തമായ ഒരിഞ്ച് ഭൂമിപോലും നഷ്ടപ്പെടുത്താതിരിക്കാനുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഗെയിൽ പോലുള്ള പദ്ധതികൾ സംസ്ഥാനത്തിന് നഷ്ടപ്പെടാതിരിക്കാനാണ് 10-ാം വകുപ്പിൽ ചില ഭേദഗതികൾ കൊണ്ടുവന്നിട്ടുള്ളത്. പൊതു ആവശ്യങ്ങൾ എന്ന നിർവ്വചനത്തിൽ പദ്ധതികൾ എന്ന വാക്കിനോടൊപ്പം പ്രോജക്ടുകൾ എന്ന വാക്കുകൂടി ചേർത്തിട്ടുണ്ട്. സംസ്ഥാനത്തിന്റെ പൊതുതാൽപ്പര്യം മുൻനിർത്തിയാണ് ഇത്തരമൊരു ഭേദഗതി കൊണ്ടുവന്നിട്ടുള്ളതെങ്കിലും പ്രാദേശികതല നിരീക്ഷണ സമിതിയുടെ അവകാശങ്ങൾക്ക് കുറവുണ്ടായിട്ടില്ല. പുതിയ നിയമപ്രകാരം സർക്കാരിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള പ്രോജക്ടുകൾക്ക് മാത്രമാണ് അനുമതി നൽകുന്നത്. 30 വകുപ്പുകളിൽ 14 എണ്ണത്തിലും ഭേദഗതി കൊണ്ടുവന്നതിലൂടെ ബില്ലിന് പുതുജീവൻ വയ്ക്കുകയാണ് ചെയ്തത്. 16-ാം വകുപ്പിന്റെ ഭേദഗതിയിൽ ഉടമസ്ഥന്റെ അനുമതിയില്ലെങ്കിലും തരിശായിക്കിടക്കുന്ന നെൽവയലുകൾ ഏറ്റെടുത്ത് കൃഷി ചെയ്യണമെന്ന് വ്യവസ്ഥ ചെയ്തതിലൂടെ നെൽവയലുകളും നെൽകൃഷിയും വ്യാപിപ്പിക്കാനുള്ള സാധ്യതയാണ് കാണുന്നത്. തരിശ് ഭൂമിയുടെ ഉടമസ്ഥരോട് കൃഷി ചെയ്യണമെന്നും അല്ലാത്തപക്ഷം പ്രസ്തുത ഭൂമിയുടെ ഉടമസ്ഥാവകാശം നിലനിർത്തിക്കൊണ്ട് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളോ പാടശേഖര കമ്മിറ്റികളോ അങ്കണവാടികളോ ഏറ്റെടുത്ത് നടത്തുമെന്ന് നോട്ടീസ് നൽകുകയും 15

ദിവസത്തിനകം മറുപടി ലഭ്യമാകാത്തപക്ഷം അത് ഏറ്റെടുക്കുന്നതുമാണ്. 2, 5, 10, 16, 27 എന്നീ അഞ്ച് വകുപ്പുകളിലാണ് പ്രധാനമായും ഭേദഗതികൾ നിർദ്ദേശിച്ചിട്ടുള്ളത്. ബാക്കിയുള്ളവയിൽ ചില വാക്കുകളോ വാചകങ്ങളോ മാത്രമാണ് മാറ്റം വരുത്തിയിരിക്കുന്നത്. 27 (എ) വകുപ്പിൽ 2008-ന് മുമ്പ് നികന്നുകിടക്കുന്നതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതും റിക്കോർഡുകളിൽ നിലം എന്ന് രേഖപ്പെടുത്തിയിരിക്കുന്നതുമായ ഭൂമി മറ്റ് ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവന്നു. 2008-ന് മുമ്പ് നികന്നുകിടക്കുന്ന ഭൂമിയിൽ പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ പ്രദേശങ്ങളിൽ 10 സെന്റ് ഭൂമിയിൽ 120 സ്ക്വയർ മീറ്റർ വരെയുള്ള വീടും 5 സെന്റ് ഭൂമിയിൽ 40 സ്ക്വയർ മീറ്റർ വരെയുള്ള കച്ചവട സ്ഥാപനങ്ങളും നിർമ്മിക്കുന്നതിന് അനുമതി ആവശ്യമില്ല. എന്നാൽ 2008-ന് മുമ്പാണ് നികത്തിയതെന്ന് ബോധ്യപ്പെടുത്താനുള്ള ഉത്തരവാദിത്വമുണ്ട്. അമ്പത് സെന്റ് വരെ നിശ്ചിത ഫീസ് ഈടാക്കി ഭൂമി ക്രമപ്പെടുത്തി നൽകുകയും അമ്പത് സെന്റിൽ കൂടുതലാണെങ്കിൽ ഭൂമിയുടെ പത്ത് ശതമാനം ജലസംഭരണ സംവിധാനങ്ങൾ ഉറപ്പുവരുത്തുകയും സമീപത്തുള്ള നെൽകൃഷിയിടങ്ങളിലേയ്ക്ക് ജലാഗമന മാർഗ്ഗങ്ങളും ജലത്തിന്റെ നീരൊഴുക്കും തടസ്സപ്പെടുത്തുന്നില്ലെന്ന് ഉറപ്പാക്കണം. 1967-ലെ കേരള ലാൻഡ് യൂട്ടിലൈസേഷൻ ഉത്തരവ് വരുന്നതിനുമുമ്പ് നികത്തപ്പെട്ട ഭൂമിക്ക് ഫീസ് ഈടാക്കേണ്ടതില്ല.

സംസ്ഥാനത്തെ നെൽകൃഷി വികസനം മുന്നിൽക്കണ്ട് കാർഷിക അഭിവൃദ്ധി ഫണ്ട് രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഡാറ്റാ ബാങ്ക് പൂർത്തീകരിക്കുന്ന മുറയ്ക്ക് അപ്പീൽ നൽകാനുള്ള സംവിധാനം ഉറപ്പുവരുത്തിയിട്ടുണ്ട്. നെൽകൃഷി ശക്തിപ്പെടുത്തുന്നതിന് കൊണ്ടുവന്ന ബിൽ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

<u>2-ാം വകുപ്പ്</u>

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി ബില്ലിലെ 2-ാം ഖണ്ഡം (v)-ാം ഉപഖണ്ഡ പ്രകാരം പ്രധാന ആക്ടിലെ 2-ാം വകുപ്പിന്റെ (xvii എ) ഖണ്ഡത്തിൽ "കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയോ പ്രാദേശികതല നിരീക്ഷണ സമിതിയുടെയോ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ എന്നർത്ഥമാകുന്നു" എന്ന

വാക്കുകൾക്കുപകരം " കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെയും പ്രാദേശികതല നിരീക്ഷണ സമിതിയുടെയും റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ കേരള സംസ്ഥാന റിമോട്ട് സെൻസിംഗ് സെന്ററിന്റെ റിപ്പോർട്ട് ലഭ്യമല്ലാത്തിടത്ത് പ്രാദേശികതല നിരീക്ഷണ സമിതിയുടെ റിപ്പോർട്ട് പ്രകാരം നെൽവയൽ അല്ലാത്തതുമായ ഭൂമിയോ എന്നർത്ഥമാകുന്നു" എന്ന വാക്കുകൾ ചേർക്കേണ്ടതാണ്.

142, 143, 144, 145, 146, 147, 148, 149, 150, 151, 152, 153, 155, 156, 157, 159, 160, 162, 163, 164, 165, 168, 169, 170, 172, 173, 174, 175, 178, 181, 184, 185, 186, 187, 188, 189, 190, 194, 196, 197, 199, 201, 202, 203, 204, 205, 208, 209, 210, 215, 216, 225, 229, 230, 232, 233, 234, 235, 236, 237, 238, 243, 245, 249, 250, 251, 253, 254, 255, 256, 258, 260, 262, 264, 266, 267, 268, 269, 270, 271, 272, 277, 278, 279, 280, 281, 284, 286, 287, 288, 291, 292, 293, 294, 295, 296, 299, 300, 301, 303 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതി സഭ അംഗീകരിച്ചു.

245, 272, 151 എന്നീ നമ്പർ ഭേദഗതികൾ 26-നെതിരെ 65 വോട്ടുകളോടെ സഭ നിരാകരിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള രണ്ടാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>3-ാം വകുപ്പ്</u>

305, 306, 307, 308, 309, 311, 312, 313, 314, 316, 317, 318, 319, 320, 322, 324, 327, 330, 331, 333, 334, 335, 336, 337, 338, 339, 340, 342, 343, 344, 346, 347, 349, 350, 351, 353, 354, 358, 362, 363, 364, 365, 366, 367, 369, 371, 376, 377, 373, 375, 379, 380, 382, 383, 384, 385, 386, 390, 391, 392, 393, 394, 396, 398, 399, 402, 403, 404, 407, 411, 412, 415, 416, 417, 418, 419, 422, 423, 424, 425, 426, 427, 428 431, 432,434 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

418. ഖണ്ഡം 3(2)(i) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 5(4)(i)-ന്റെ ക്ലിപ്ത നിബന്ധനയിൽ "നിലമായോ" എന്നതിന് പകരം "നെൽവയലായോ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

4-ാം വകുപ്പ്

437, 440, 442, 443, 444, 445, 448, 449, 450, 453, 455, 456, 457, 464, 465, 466, 467, 468, 470, 471, 473, 476, 477, 481, 482, 483 484, 485, 486 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

437. ഖണ്ഡം 4 പ്രകാരം പ്രധാന ആക്റ്റിലെ വകുപ്പ് 8 (3) ന പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 8 (3) ൽ " പൊതു ആവശ്യത്തിനായി നിലംനികത്തുന്നതിനോ " എന്നീ വാക്കുകൾക്ക് പകരം " പൊതു ആവശ്യത്തിനായി നെൽവയൽ നികത്തുന്നതിനോ " എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റു ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ

പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

5-ാം വകുപ്പ്

487, 488, 489, 490, 493, 494, 496, 497, 500, 501, 503, 504, 507, 508, 509, 510, 511 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

5-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

6-ാം വകുപ്പ്

514, 515, 516, 517, 518, 519, 520, 524, 525, 526, 527, 528, 531, 535, 536, 538, 540, 541, 542, 543, 545, 546, 548, 549, 550, 559, 560, 562, 563, 564, 565, 566, 567, 568, 569, 570, 571, 572, 576, 577, 582, 583, 585, 586, 588, 596, 598, 600, 601, 602, 603, 604, 605, 606, 607, 615, 616, 617, 618, 619, 620, 621, 622, 623, 624, 625, 626, 627, 628, 629, 630, 631, 638,

639, 641 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

521. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(1)-ൽ, "പൊതു ആവശ്യത്തിന് അത്യന്താപേക്ഷിതമാണെങ്കിൽ" എന്നീ വാക്കുകൾക്കുശേഷം "മാത്രം" എന്ന വാക്ക് ചേർക്കുക.

തഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

624. ഖണ്ഡം 6 പ്രകാരം പ്രധാന ആക്റ്റിൽ പകരം ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 10(5)-ൽ, "അപേക്ഷയിൽമേലോ" എന്ന വാക്കിനുപകരം "അപേക്ഷയിൻമേലോ" എന്ന വാക്ക് ചേർക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

515-ാം നമ്പർ ഭേദഗതി 23-നെതിരെ 63 വോട്ടുകളോടെ സഭ പിൻവലിച്ചു.

514, 524, 621 എന്നീ നമ്പർ ഭേദഗതികൾ 23-നെതിരെ 63 വോട്ടുകളോടെ സഭ നിരാകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം

സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 6-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>7-ാം വകുപ്പ്</u>

643, 644, 645, 646, 647, 648, 649, 650, 652, 654, 655, 658, 660 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

7-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>8-ാം വകുപ്പ്</u>

662, 663, 664, 670, 671, 672, 673, 674, 676, 680, 681, 682, 683, 684, 685, 686, 687, 688 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതി മന്ത്രി സ്വീകരിച്ചു.

673. ഖണ്ഡം 8 (ii) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 13(2)-ൽ "കൈയ്യൊഴിക്കുന്നതിന്" എന്നതിനുപകരം "കൈയ്യൊഴിക്കുന്നതിനും ഇവയിൽ ഏതെങ്കിലുമോ എല്ലാമോ

ഉപയോഗിച്ച് നിർമ്മിക്കുന്ന ഇഷ്ടിക, ടൈൽ മുതലായവ കൈയ്യൊഴിക്കുന്നതിനും" എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതി സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 8-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 9-ാം വകുപ്പ്

689, 690, 693 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

9-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

## 10-ാം വകുപ്പ്

694, 697, 699, 700, 702, 703, 704, 706, 708, 710, 711, 712, 713, 714, 715, 716, 717, 718, 719, 722, 723, 725, 726, 727, 728, 729, 730, 731, 732,

733, 734, 737, 739, 740, 741, 742, 743, 744, 745, 747, 748, 749, 751, 752, 753, 754, 755, 756, 758, 759, 761, 762, 763, 764, 765, 766, 767, 768, 769, 770, 771, 772, 773, 774, 775, 776, 777, 778, 782, 783, 784, 785, 787, 788, 789, 790, 791, 792, 794, 797, 799, 800, 801, 803, 805, 806, 807, 810, 811, 812, 813, 814, 815, 816, 817 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

താഴെപ്പറയുന്ന ഭേദഗതികൾ മന്ത്രി സ്വീകരിച്ചു.

702. ഖണ്ഡം 10(1) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(2)-ൽ "നിഷേധിച്ചുകൊണ്ടോ" എന്ന വാക്കിന് പകരം "നിരസിച്ചുകൊണ്ടോ" എന്ന വാക്ക് ചേർക്കുക.

713. ഖണ്ഡം 10(3) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16 (3 എ)-ൽ "ബന്ധപ്പെട്ട പഞ്ചായത്ത്" എന്നതിന് പകരം "ബന്ധപ്പെട്ട പഞ്ചായത്ത്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ" എന്ന വാക്കുകൾ ചേർക്കുക.

788. ഖണ്ഡം 10(5) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(5)-ന്റെ ക്ലിപ്തനിബന്ധനയിൽ "ഏതെങ്കിലും ഒന്നിന് " എന്നീ വാക്കുകൾക്ക് പകരം "ഏതിനും" എന്ന് ചേർക്കുക.

803. ഖണ്ഡം 10(8) പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 16(10)(v)-ൽ "മണലോ ഏതെങ്കിലും ധാതുക്കളോ" എന്നതിന് പകരം "മണലോ

കളിമണ്ണോ മറ്റ് ഏതെങ്കിലും ധാതുക്കളോ"   എന്ന് ചേർക്കുക.

മന്ത്രി സ്വീകരിച്ച ഭേദഗതികൾ സഭ അംഗീകരിച്ചു.

771-ാം  നമ്പർ ഭേദഗതി 23 നെതിരെ 63 വോട്ടുകളോടെ സഭ പിൻവലിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 10-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>11-ാം  വകുപ്പ്</u>

818, 819, 820 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

11-ാം  വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

11-ാം  വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>12-ാം വകുപ്പ്</u>

822, 825, 826, 827, 828, 829, 831, 832 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

12-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

13-ാം വകുപ്പ്

833, 834 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

13-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

14-ാം വകുപ്പ്

(ഭേദഗതിയില്ല)

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

14-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

15-ാം വകുപ്പ്

836, 837, 838, 839, 840, 841, 842, 844, 845, 846, 848, 849, 852, 853, 854, 855, 856, 857, 860, 861, 862, 864, 865, 866, 869, 871, 872, 874, 875,

876, 877, 878, 879, 880, 881, 882, 883, 884, 885, 886, 887, 888, 889, 891, 892, 893, 895, 896, 898, 899, 901, 902, 903, 904, 905, 906, 908, 909, 910, 912, 913, 914, 916, 919, 920, 921, 923, 926, 929, 933, 936, 937, 938, 940, 941, 944, 945, 946, 948, 951,952, 953, 954, 955, 956, 958, 959, 960, 962, 963, 964, 967, 968, 969, 970, 972, 973, 974, 976, 977, 978, 979, 981, 982, 983, 984, 985, 986, 988, 989, 991, 992, 993, 994 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

മന്ത്രി താഴെപ്പറയുന്ന വാക്കാൽ ഭേദഗതി അവതരിപ്പിച്ചു.

980. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 ഡി (2)-ൽ "ലോക്കൽ ഫണ്ടിന്റെ" എന്ന വാക്കുകൾക്ക് പകരം "സംസ്ഥാന ആഡിറ്റ് വകുപ്പിന്റെ" എന്ന വാക്കുകൾ ചേർക്കുക.

മന്ത്രി താഴെപ്പറയുന്ന ഭേദഗതി സ്വീകരിച്ചു.

883. ഖണ്ഡം 15 പ്രകാരം പ്രധാന ആക്റ്റിൽ ചേർക്കാനുദ്ദേശിക്കുന്ന വകുപ്പ് 27 (എ) (6)-ൽ " ഭൂമിയിൽ സ്ഥിതി ചെയ്യുന്ന 120" എന്നത് "ഭൂമിയിൽ 120" എന്നാക്കുക.

മന്ത്രി അവതരിപ്പിച്ച വാക്കാൽ ഭേദഗതിയും സ്വീകരിച്ച ഭേദഗതിയും സഭ അംഗീകരിച്ചു.

മറ്റ് ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 15-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>16-ാം വകുപ്പ്</u>

995-ാം നമ്പർ ഭേദഗതി അവതരിപ്പിച്ചു.

ഭേദഗതി സഭ നിരാകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

16-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

<u>1-ാം വകുപ്പും പീഠികയും പേരും</u>

110, 111, 112, 113, 114, 115, 118, 119, 121, 122, 124,125, 127, 128, 129, 130, 132, 135, 136, 138, 139, 140 എന്നീ നമ്പർ ഭേദഗതികൾ അവതരിപ്പിച്ചു.

ഭേദഗതികൾ നിരാകരിക്കുകയോ സഭയുടെ അനുമതിയോടെ പിൻവലിക്കുകയോ ചെയ്തു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): 2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): 2008-ലെ നെൽവയൽ-തണ്ണീർത്തട സംരക്ഷണ നിയമം അഴിമതിക്കും സ്വജനപക്ഷപാതത്തിനും പ്രകൃതിയുടെ നാശത്തിനും വഴിതെളിക്കുന്ന ഒന്നായി ഭാവിയിൽ രേഖപ്പെടുത്തുമെന്ന കാര്യത്തിൽ സംശയമില്ല. ഈ നിയമ ഭേദഗതി പാസ്സാകുന്നതോടുകൂടി കേരളത്തിൽ അവശേഷിക്കുന്ന 5 ശതമാനം നെൽവയലുകളും നീർത്തടങ്ങളുംകൂടി അപ്രത്യക്ഷമാകും. വൻ പാരിസ്ഥിതിക ദുരന്തമാണ് ഇതിലൂടെ സൃഷ്ടിക്കപ്പെടുന്നത്. മൂലനിയമത്തിലെ 30 വകുപ്പുകളിൽ 15 വകുപ്പുകളിലും ഭേദഗതി വരുത്തിയിരിക്കുകയാണ്. നെൽവയലുകളും തണ്ണീർത്തടങ്ങളും നികത്താനുള്ള കുറുക്കുവഴിയാണ് ഈ ബില്ലിലൂടെ കൊണ്ടുവന്നിരിക്കുന്നത്. 15-ാം വകുപ്പിലെ 27(സി) പ്രകാരം ബി.ടി.ആർ.-ൽ മാറ്റം വരുത്താൻ തഹസീൽദാർക്ക് അധികാരം നൽകിയത് സുപ്രീംകോടതി വിധിക്ക് എതിരാണെന്ന് മാത്രമല്ല രേഖകളിൽ വ്യാപകമായ തിരിമറി നടത്തുന്നതിനുള്ള സാഹചര്യം

സൃഷ്ടിക്കുകയും ചെയ്യും. ചരിത്രത്തിൽ കരിനിയമമാകാൻ പോകുന്ന ഈ നിയമം പാസ്സാക്കുന്നതിൽ പ്രതിഷേധിച്ച് ഞങ്ങൾ സഭ ബഹിഷ്കരിക്കുന്നു.

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷാംഗങ്ങൾ ഒന്നടങ്കം ബിൽ കീറിയെറിഞ്ഞ് ബാനറുകളുയർത്തി മുദ്രാവാക്യം വിളിച്ച് സഭ ബഹിഷ്കരിച്ചു.)

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പൊതുസമൂഹത്തിന്റെ താല്പര്യങ്ങൾ മനസ്സിലാക്കാത്ത പ്രതിപക്ഷ സമീപനം ദുഃഖകരമാണ്. വികസനരംഗത്ത് സുപ്രധാന പങ്ക് വഹിക്കുന്നതിനും സാമൂഹിക പ്രതിബദ്ധത തെളിയിക്കുന്നതിനുമുള്ള ഭേദഗതികളാണ് അവതരിപ്പിച്ചിരിക്കുന്നത്. തരിശ് രഹിതമാക്കിക്കൊണ്ട് നെൽകൃഷിയുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങളാണ് നടക്കുന്നത്. 3 ലക്ഷം ഹെക്ടറിൽ നെൽകൃഷി വ്യാപിപ്പിച്ച് ഉത്പാദനം 10 ലക്ഷം ടണ്ണാക്കി വർദ്ധിപ്പിക്കുമെന്ന സർക്കാർ നയത്തിന്റെ ഭാഗമായി 23579 ഹെക്ടർ പ്രദേശത്ത് അധികമായി കൃഷിയിറക്കുകയുണ്ടായി. 220449 ഹെക്ടർ സ്ഥലത്ത് നെൽകൃഷി കൊണ്ടുവരാൻ സാധിച്ചു എന്നത് സർക്കാരിന്റെ നേട്ടമാണ്.

2018-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സഭ പാസ്സാക്കി.

## XI അവകാശലംഘന പ്രശ്നങ്ങൾ

## അനുമതി നിഷേധിച്ചവ

മി. സ്പീക്കർ: ബഹുമാനപ്പെട്ട ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനും ശ്രീ. വി. പി. സജീന്ദ്രനും നൽകിയ നോട്ടീസ്, പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. ഹൈബി ഈഡൻ നൽകിയ നോട്ടീസ്, വിദ്യാഭ്യാസ വകുപ്പുമന്ത്രിക്കെതിരെ ശ്രീ. വി. പി. സജീന്ദ്രൻ നൽകിയ നോട്ടീസ്, പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. എം. ഉമ്മർ നൽകിയ നോട്ടീസ് എന്നിവയ്ക്ക് അനുമതി നിഷേധിക്കുന്നു.

## പരിഗണനയിലിരിക്കുന്നവ

ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കെതിരെ ശ്രീ. വി. ഡി. സതീശൻ നൽകിയ നോട്ടീസ്, മുഖ്യമന്ത്രിക്കുവേണ്ടി പ്രസ്താവന നടത്തിയ സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രിക്കെതിരെ ശ്രീ. അനിൽ അക്കര നൽകിയ നോട്ടീസ് എന്നിവ ചെയറിന്റെ പരിഗണനയിലാണ്.

## XII പ്രമേയം

<u>സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്</u>

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

(പതിനാലാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തുകയും നടപ്പുസമ്മേളനം വിജയകരമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുകയും ചെയ്തു.)

(ചട്ടങ്ങൾ സംബന്ധിച്ച സമിതിയുടെ രണ്ടാമത് റിപ്പോർട്ട് പ്രകാരം 42 വർഷക്കാലമായി തുടർന്നുവന്ന സഭയുടെ സമയക്രമം രാവിലെ 9.00 മണി മുതൽ ഉച്ചയ്ക്കുശേഷം 2.00 മണി വരെയായി പരിഷ്കരിക്കുന്നത് സംബന്ധിച്ചും സ്ത്രീകളുടേയും കുട്ടികളുടേയും വികലാംഗരുടേയും ക്ഷേമം സംബന്ധിച്ച സമിതിയുടെ പരിഗണനാവിഷയത്തിൽ ഭിന്നലിംഗക്കാരുടെ വിഷയം കൂടി ഉൾപ്പെടുത്തി സമിതിയുടെ പേര് സ്ത്രീകളുടേയും ഭിന്നലിംഗക്കാരുടേയും കുട്ടികളുടേയും

ഭിന്നശേഷിക്കാരുടേയും ക്ഷേമം സംബന്ധിച്ച സമിതി എന്ന് മാറ്റിയിട്ടുണ്ടെന്നും സമ്പൂർണ്ണ ഇ-നിയമസഭ എന്ന ആശയം നടപ്പാക്കുന്നതിനുള്ള ഭേദഗതികൾ ചട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും നിയമസഭയുടെ വജ്രജൂബിലി ആഘോഷങ്ങളുടെ സമാപനത്തിന്റെ ഭാഗമായി 'ഫെസ്റ്റിവൽ ഓൺ ഡെമോക്രസി' എന്ന പരിപാടിയുടെ ഔപചാരിക ഉദ്ഘാടനം 2018 ആഗസ്റ്റ് മാസം ആദ്യവാരം ബഹുമാനപ്പെട്ട രാഷ്ട്രപതി നിർവ്വഹിക്കാമെന്ന് സമ്മതിച്ചിട്ടുണ്ടെന്നും പരിപാടി വിജയിപ്പിക്കുന്നതിന് എല്ലാ അംഗങ്ങളുടേയും സഹകരണമുണ്ടാകണമെന്നും സഭയെ അറിയിച്ചു.)

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 7.37-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

*************